

നവകേരളത്തിന് ജനകീയാസൂത്രണം

മണക്കാട് ഗ്രാമപഞ്ചായത്ത്

അന്തിമ പദ്ധതിരേഖ

2026 - 2027

ഭരണസമിതി അംഗങ്ങൾ



വത്സ ജോൺ
പ്രസിഡന്റ്



റെജി കുന്നംകോട്ട്
വൈസ് പ്രസിഡന്റ്



നോജ് പി ജോസ്
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ -



ഉഷ ജേക്കബ്ബ്
വികസനസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



മേഴ്സി സ്കറിയ
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ -



ജെസ്സി ജോണി
മെമ്പർ വാർഡ് - 1



അഞ്ചു ചന്ദ്രൻ
മെമ്പർ വാർഡ് - 2



പ്രിൻസി കുര്യൻ
മെമ്പർ വാർഡ് - 5



ബി ഹരി
മെമ്പർ വാർഡ് - 6



ജീന അനിൽ.
മെമ്പർ വാർഡ് - 7



ഗീത പി.കെ.
മെമ്പർ വാർഡ് - 8



ജോമോൻ ഫിലിപ്പ്
മെമ്പർ വാർഡ് - 10



ക്ലമന്റ് ഇമ്മാനുവേൽ
മെമ്പർ വാർഡ് - 13



ഗീതു ഇ.ജി.
മെമ്പർ വാർഡ് - 14



ഹർഷകുമാർ ആർ.
സെക്രട്ടറി


MANAKKAD


Grama Panchayat , Idukki District

Draft Notification Published on 18/11/2024,
Delimitation Commission, Kerala









0 0.4 0.8 1.6 2.4 3.2 Kilometers

Technology Support : Information Kerala Mission

പൊതുവിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	-	മണക്കാട്
വാർഡുകളുടെ എണ്ണം	-	14
വില്ലേജ്	-	മണക്കാട്
ബ്ലോക്ക് പഞ്ചായത്ത്	-	തൊടുപുഴ
ജില്ലാ പഞ്ചായത്ത്	-	ഇടുക്കി
അസംബ്ലി നിയോജക മണ്ഡലം	-	തൊടുപുഴ
പാർലമെന്റ് മണ്ഡലം	-	ഇടുക്കി
വിസ്തീർണ്ണം	-	20 ചതുരശ്ര കി. മീറ്റർ
അതിരുകൾ - വടക്ക്	-	തൊടുപുഴയാർ
കിഴക്ക്	-	തൊടുപുഴ നഗരസഭ
തെക്ക്	-	തൊടുപുഴ-പിറവം റോഡ്
പടിഞ്ഞാറ്	-	മാറിക-മൂഴിക്കൽ തോട്
ജനസംഖ്യ	-	15106 (2011 സെൻസസ് പ്രകാരം)
പുരുഷന്മാർ	-	7509
സ്ത്രീകൾ	-	7597
കുടുംബശ്രീ യൂണിറ്റുകൾ	-	167
അംഗനവാടികൾ	-	18
ഹയർ സെക്കന്ററി സ്കൂൾ	-	2
ഹൈസ്കൂൾ	-	3
യു.പി. സ്കൂൾ	-	2
എൽ.പി. സ്കൂൾ	-	5
ഗ്രാമകേന്ദ്രങ്ങൾ	-	13

ജനപ്രതിനിധികൾ

അഡ്വ. ഡീൻ കുര്യാക്കോസ്	-	ബഹു. എം.പി
ശ്രീ. അപു ജോൺ ജോസഫ്	-	ബഹു. ചീഫ് വിപ്പ് / ബഹു.എം.എൽ.എ
ശ്രീമതി. ഷീല സ്റ്റീഫൻ	-	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
ശ്രീ. മുഹമ്മദ് അൻഷാദ്	-	ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
ശ്രീമതി. ഷീല സ്റ്റീഫൻ	-	ജില്ലാ പഞ്ചായത്ത് മെമ്പർ
ശ്രീമതി. റ്റിസി ജോബ്	-	ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ്
ശ്രീമതി. ഷൈനി ഷാജി	-	ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
ശ്രീ. പ്രമോദ് ബാബു	-	ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

നിർവ്വഹണ ഉദ്യോഗസ്ഥർ

ശ്രീമതി ബിന്ദു ബി. നായർ	-	സെക്രട്ടറി
ശ്രീ. അനൂപ് ഇ.പി.	-	അസി. സെക്രട്ടറി
സിമോണി ജോസ്	-	കൃഷി ഓഫീസർ
ഡോ.അനിയ സാമുവൽ	-	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി
ഡോ.നൈസി ഇ.എം	-	മെഡിക്കൽ ഓഫീസർ, ഹോമിയോ
ഡോ.സൗമിനി സോമനാഥ്	-	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം
ഡോ.അനുഷ സലി	-	വെറ്റിനറി സർജൻ
ശ്രീ. ശ്രീകുമാർ ജി.	-	അസിസ്റ്റന്റ് എഞ്ചിനീയർ, LSGD
ശ്രീമതി.മരിയ ജോർജ്ജ്	-	ഐ സി ഡി എസ് സൂപ്പർവൈസർ
ശ്രീ.ജോർജ്ജ്കുട്ടി സെബാസ്റ്റ്യൻ	-	ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് ചിറ്റൂർ
ശ്രീമതി.ദീപ്തി എൻ	-	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അരിക്കുഴ
ശ്രീമതി.മഞ്ജുഷ പി.കെ	-	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പെരിയാമ്പ്ര
ശ്രീമതി. ജാസ്മിൻ	-	ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ജീവനക്കാർ

ശ്രീമതി ബിന്ദു ബി നായർ	-	സെക്രട്ടറി
ശ്രീ. അനൂപ് ഇ.പി.	-	അസി. സെക്രട്ടറി
ശ്രീ.ശ്യാംകുമാർ എം.എസ്	-	ഹെഡ്ക്ലാർക്ക്
ശ്രീമതി. ആശ എം.യു	-	അക്കൗണ്ടന്റ്
ശ്രീമതി.ഹാജറ റ്റി.എം	-	സീനിയർ ക്ലാർക്ക്
ശ്രീമതി. മഞ്ജു.എം.ജോസഫ്	-	സീനിയർ ക്ലാർക്ക്
ശ്രീമതി. ഷിംന അസീസ്	-	സീനിയർ ക്ലാർക്ക്
ശ്രീമതി. സീന സുകുമാരൻ	-	ക്ലാർക്ക്
ശ്രീമതി. സുനു സി ചന്ദ്രൻ	-	ക്ലാർക്ക്
ശ്രീ.ബിജു മാത്യു	-	ക്ലാർക്ക്
ശ്രീ.അജീഷ് റ്റി.കെ	-	ഓഫീസ് അറ്റൻഡന്റ്
ശ്രീ. എം .എൻ മുരളീധരൻ പിള്ള	-	പാർട്ട് ടൈം സ്വീപ്പർ
ശ്രീമതി.രമ്യ സദൻ	-	ടെക്നിക്കൽ അസിസ്റ്റന്റ്
ശ്രീമതി.ആൻസി വി	-	പ്രോജക്ട് അസിസ്റ്റന്റ്
ശ്രീമതി.മഞ്ജു തമ്പാൻ	-	ഓവർസീയർ
ശ്രീമതി. സെലീന പി.എസ്	-	അക്കൗണ്ടന്റ് കം ഐ റ്റി അസിസ്റ്റന്റ് (MGNREGA)
ശ്രീമതി. സൂര്യ കെ.എൻ	-	അക്കൗണ്ടന്റ് കം ഐ റ്റി അസിസ്റ്റന്റ് (MGNREGA)
ശ്രീ.ജോസ് റ്റി ജോൺ	-	ഡ്രൈവർ
ശ്രീ. ഗോപകുമാർ കെ എൻ	-	ഡ്രൈവർ
ശ്രീമതി. ധന്യ ജി.	-	പ്ലാൻ റിസോഴ്സ് പേഴ്സൺ
ശ്രീമതി. അഞ്ജു മാത്യു	-	കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ

സമർപ്പണം



ബഹുമാന്യരേ!

മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതി പ്രോജക്ടുകൾ ജില്ലാ പ്ലാനിംങ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയാണ്. പുതിയ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷമുള്ള ആദ്യ വാർഷിക പദ്ധതിയാണ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നത്. സംസ്ഥാന ബജറ്റിലൂടെ പഞ്ചായത്തിന് അനുവദിയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി നടപ്പു വർഷത്തെ തുകയ്ക്ക് സമാനമായ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. 14-ാം പഞ്ചവത്സരപദ്ധതിയുടെ 5-ാം വാർഷിക പദ്ധതിയിലേക്ക് പ്രവേശിക്കുമ്പോൾ കഴിഞ്ഞ 4 വാർഷിക പദ്ധതികളിലൂടെ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ശ്രദ്ധേയമായവ ഇവിടെ പ്രതിപാദിയ്ക്കപ്പെടുകയാണ്. ഉല്പാദന സേവന, പശ്ചാത്തല മേഖല, പട്ടികജാതി വികസനം ഉൾപ്പെടെയുള്ള മേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകൾ നാടിന്റെ വികസനത്തിനായി ഏറെ ഉപകരിച്ചിട്ടുണ്ട്.

ആരോഗ്യമേഖല പ്രധാന സ്ഥാപനമായ മണക്കാട് കുടുംബാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് ലാബോറട്ടറി സംവിധാനം ആരംഭിയ്ക്കുവാൻ കഴിഞ്ഞതും ഈ സ്ഥാപനത്തിന് കീഴിലുള്ളതും പുതുപ്പരിയാരം, വഴിത്തല, പെരിയാമ്പ്ര എന്നീ സബ്സെന്ററുകളുടെ ഭൗതിക സൗകര്യങ്ങൾ ആധുനിക രീതിയിൽ നവീകരിച്ച് ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തപ്പെട്ടതും, പുതുപ്പരിയാരം ജനകീയാരോഗ്യ കേന്ദ്രത്തിൽ ജീവിതശൈലി രോഗനിവാരണം ലക്ഷ്യമിട്ട് ആധുനിക ഹെൽത്ത് & വെൽനസ് ഉപകരണങ്ങൾ സ്ഥാപിച്ച് നടപ്പാക്കിയ ഓപ്പൺ ജിം സംവിധാനവും ശ്രദ്ധേയമായ നേട്ടമാണ്. കൂടാതെ ആരോഗ്യ മേഖലയിലെ മറ്റൊരു പ്രധാന സ്ഥാപനമായ ആയുർവ്വേദ ഡിസ്പെൻസറിയോട് അനുബന്ധിച്ച് പുതുതായി യോഗ ഹാൾ നിർമ്മിച്ച് യോഗ പരിശീലനവും ഹെൽത്ത് & വെൽനസ് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ആരംഭിച്ച വ്യായാമപരിശീലന കേന്ദ്രവും എടുത്ത് പറയത്തക്ക നേട്ടങ്ങളാണ്. ആയുഷ്മിഷനിലൂടെ അനുവദിച്ച 30 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മാണം പുരോഗമിച്ച് വരുന്ന ഫിസിയോ തെറാപ്പി യൂണിറ്റ് കൂടി പ്രാവർത്തിക മാകുന്നതോടെ, പഞ്ചകർമ്മ ചികിത്സ ഉൾപ്പെടെ എല്ലാ ആധുനിക ചികിത്സാ സംവിധാനവും ഒരുക്കിയിട്ടുള്ള ജില്ലയിൽതന്നെ ഏക ഡിസ്പെൻസറിയായി ആയുർവ്വേദ ഡിസ്പെൻസറി മാറ്റപ്പെടുന്നത് ഏറെ അഭിമാനകരമാണ്.

മാലിന്യ നിർമ്മാർജ്ജനത്തിനായി സർക്കാർ ആവിഷ്കരിച്ച മാലിന്യമുക്തം നവകേരളം പരിപാടിക്ക് പിൻബലമേകി ഈ മേഖലയിൽ പഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള ശ്രദ്ധേയമായ പ്രോജക്ടുകളാണ് ടേക് എ ബ്രേക്ക് വഴിയോരവിശ്രമ കേന്ദ്രം, ബയോ കമ്പോസ്റ്റർ ബിന്നുകൾ നൽകൽ, പൊതുഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വേസ്റ്റ് കളക്ഷൻ ബിന്നുകൾ, വീടുകൾക്ക് നൽകിയിട്ടുള്ള കളക്ഷൻ ബാഗുകൾ, കമ്പോസ്റ്റ് പിറ്റുകൾ എന്നിവ മാത്രമല്ല ഹരിതകർമ്മസേന അംഗങ്ങൾ സമാഹരിക്കുന്ന പ്ലാസ്റ്റിക്- അജൈവ മാലിന്യശേഖരണത്തിനുള്ള മിനി എംസിഎഫുകൾ പുതിയതായി ആധുനിക സൗകര്യങ്ങളോടെ നിർമ്മാണം പൂർത്തീകരിച്ച മെയിൻ എംസി എഫ് എന്നിവയിലൂടെ മാലിന്യ നിർമ്മാർജ്ജന രംഗത്ത് വലിയ ഇടപെടൽ നടത്തുവാൻ നമുക്ക് സാദ്ധ്യമായിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ ചുമതലകൾ നിർവ്വഹിച്ചു വരുന്ന പഞ്ചായത്തിലെ ഹരിതകർമ്മസേന അംഗങ്ങളുടെ സേവനങ്ങളെ പ്രത്യേകം സ്മരിക്കുന്നു.

കാർഷിക മേഖലയിൽ പ്രത്യേകിച്ച് തരിശായി കിടന്നിരുന്ന വിവിധ പാടശേഖരങ്ങളിലെ 15 ഏക്കറോളം വിസ്തീർണ്ണം വരുന്ന ഭൂപ്രദേശം നെൽകൃഷി യോഗ്യമാക്കിയതും, ക്ഷീരകർഷകർക്കായി നടപ്പാക്കി വരുന്ന കാലിത്തീറ്റ വിതരണം, പാലിന് സബ്സിഡി അടക്കമുള്ള പ്രോജക്ടുകളും ഈ രംഗത്ത് ഏറെ സഹായകരമായി ഭവിച്ചിട്ടുണ്ട്.

പാർപ്പിട രംഗത്ത് നേരിട്ടിരുന്ന പ്രശ്നങ്ങൾ ലൈഫ് മിഷൻ, പി.എം.എ.വൈ എന്നീ ഭവനപദ്ധതികളിലൂടെ പരിഹരിക്കപ്പെട്ടു വരുന്നതും ഗ്രാമീണ റോഡുകളുടെ പുന:രുദ്ധാരണത്തിനായി നടത്തിയ റോഡ് വികസന പ്രോജക്ടുകളും പശ്ചാത്തല മേഖലയിൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുവാൻ ഉപകരിച്ചിട്ടുണ്ട്. ഇവിടെ പരാമർശിക്കപ്പെടാതെ പോയ ചെറുതും വലുതുമായ നിരവധി പ്രോജക്ടുകൾ മുൻ പഞ്ചായത്ത് ഭരണത്തിന് നേതൃത്വപരമായ പങ്ക് വഹിച്ച് പ്രസിഡന്റുമാരായിരുന്ന ശ്രീമതി ടിസ്സി ജോബ്, ശ്രീ ടോണി കുര്യാക്കോസ്, ശ്രീ. പി.എസ്. ജേക്കബ് എന്നിവരുടെ ഭരണകാലയളവിൽ നടപ്പാക്കിയിട്ടുണ്ട്. മാത്രമല്ല എംഎൽഎ, എംപി എന്നിവരുടെ പ്രാദേശികവികസന ഫണ്ടുകൾ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് പ്രോജക്ടുകൾ ഇവയെല്ലാം പഞ്ചായത്തിന്റെ ഇന്ന് കാണുന്ന വികസന പുരോഗതിയുടെ അവിഭാജ്യ ഘടകങ്ങളാണ്.

കക്ഷിരാഷ്ട്രീയത്തിനതീതമായി ഭരണസമിതിയംഗങ്ങളും, പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ഉദ്യോഗസ്ഥ വിഭാഗങ്ങളും കാട്ടിയിട്ടുള്ള നിസ്വാർത്ഥമായ ഇടപെടലുകളാണ് നമ്മുടെ വികസന പരിപ്രേഷ്യത്തിന്റെ അടിസ്ഥാന ഘടകം.

ഇനിയും നിരവധിയായ വികസന സങ്കൽപ്പങ്ങൾ യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി രൂപം നൽകിയിട്ടുള്ള 2026-27 കരട് പദ്ധതി രേഖ ഇതോടൊപ്പം ചേർത്ത് ഡി.പി.സി. യുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന് സസ്നേഹം

ചിറ്റൂർ
03/08/2026

വത്സ ജോൺ
പ്രസിഡന്റ് മണക്കാട് ഗ്രാമപഞ്ചായത്ത്

ഉള്ളടക്കം

അദ്ധ്യായങ്ങൾ

1. വികസനസ്ഥിതി അവസ്ഥ വിശകലനം
2. 2025-26 വാർഷിക പദ്ധതി അവലോകനം
3. പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും
4. വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം
5. വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
6. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും
7. പ്രത്യേക പദ്ധതി / പരിപാടികൾ
8. വായ്പ ബന്ധങ്ങൾ
9. സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും
10. മോണിറ്ററിംഗ്

അദ്ധ്യായം 1

വികസന സ്ഥിതി അവസ്ഥ വിശകലനം

തൊടുപുഴ നഗരസഭയോടും എറണാകുളം ജില്ലയോടും അതിർത്തി പങ്കിടുന്ന പ്രകൃതിരമ ണീയമായ ഒരു ഗ്രാമപ്രദേശമാണ് മണക്കാട്. 20 ച.കി.മീ. ഭൂ വിസ്തൃതിയുള്ള മണക്കാട് ഗ്രാപ ഞ്ചായത്തിൽ നിലവിൽ 13 വാർഡുകളാണുള്ളത്. 2011 ലെ സെൻസസ് പ്രകാരം 7509 പുരുഷ ന്മാരും 7597 സ്ത്രീകളും ഉൾപ്പടെ 15106 ജനങ്ങളാണ് പഞ്ചായത്തിൽ താമസിക്കുന്നത്.

1958 ൽ സംസ്ഥാനത്ത് രൂപപ്പെട്ട പഞ്ചായത്ത് സംവിധാനത്തിൽ ഇന്നത്തെ പുറപ്പുഴ ഗ്രാമപഞ്ചായത്ത് ഭൂപ്രദേശം പൂർണ്ണമായും, തൊടുപുഴ നഗരസഭയുടെ മുണ്ടേക്കല്ല്, അമരംകാവ്, മുണ്ടിയാടി തുടങ്ങിയ പ്രദേശങ്ങളും മണക്കാട് പഞ്ചായത്തിന്റെ ഭാഗമായിരുന്നു. വഴിത്തല ആസ്ഥാനമായി പ്രവർത്തിച്ചു വന്നിരുന്ന മണക്കാട് പഞ്ചായത്ത് പിന്നീട് 1962 ൽ ഇന്നത്തെ പുറപ്പുഴ പഞ്ചായത്തിന് ജന്മം നൽകിയും 1980ൽ രൂപം കൊണ്ട തൊടുപുഴ നഗരസഭയ്ക്ക് മണക്കാട് – കോലാനി റോഡിന് കിഴക്കുഭാഗം മുഴുവൻ വിട്ടു നൽകിയും ഇപ്പോഴത്തെ 4 അതിരുകൾക്ക് ഉള്ളിലായി 20ച.കി.മി വിസ്തൃതിയുള്ള 8 വാർഡുകളായി മാറ്റപ്പെടുകയുമുണ്ടായി. തുച്ഛമായ വരുമാനവും പരിമിതമായ അധികാരങ്ങളുമുണ്ടായിരുന്ന ആ കാലഘട്ടങ്ങളിൽ വികസനത്തിനായി ലഭിച്ചിരുന്ന വിഭവ സ്രോതസ്സുകളിൽ ചിലതാണ് VRM ഗ്രാന്റ്, സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റ്, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ്, അൺടൈഡ് ഫണ്ട്, ജവഹർ റോസ്ഗാർ യോജന തുടങ്ങിയവ. പഞ്ചായത്ത് ഭരണ സമിതികളിലേക്ക് യഥാസമയം തിരഞ്ഞെടുപ്പ് നടക്കാതെ വർഷങ്ങൾ നീണ്ട ഭരണസമിതികൾക്കും വിരാമം ഇട്ടുകൊണ്ട് രാജ്യത്ത് നിലവിൽവന്ന പഞ്ചായത്തി രാജ് – നഗരപാലികാ നിയമം മൂലം കേരള പഞ്ചായത്തിരാജ് നിയമത്തിന്റെ പിൻബലത്തിൽ 1995 ൽ ഇന്നു കാണുന്ന നിലയിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനത്തിന് തുടക്കംകുറിക്കുകയുണ്ടായി. അതുവഴി അധികാര വികേന്ദ്രീകരണവും അതോടൊപ്പം സമ്പത്തും താഴേക്ക് നിയമപരമായി കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ട് പ്രാദേശിക സർക്കാരുകളായി ഗ്രാമപഞ്ചായത്തുകൾ മാറ്റപ്പെട്ടു. പിന്നീട് നടന്ന തെരഞ്ഞെടുപ്പുകളിൽ വാർഡുകൾ പുന:നിർണ്ണയം നടത്തി 10, 12,13 എന്നിങ്ങനെയും അവസാനമായി 2025 ൽ ഇന്നത്തെ നിലയിലുള്ള 14 വാർഡുകളായി ഭരണസൗകര്യാർത്ഥം രൂപപ്പെടുകയും ചെയ്തു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തങ്ങളുടേതായ സംഭാവനകളും സേവനങ്ങളും നൽകി കടന്നുപോയ മുൻഭരണസാരഥികളെ നന്ദിയോടെ സ്മരിക്കേണ്ടിയിരിക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ശിലയായ ഗ്രാമസഭകൾക്ക് പഞ്ചായത്തിരാജ് നിയമത്തിലൂടെ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ ലഭ്യമായതോടെ പദ്ധതി ആസൂത്രണത്തിലും, നിർവ്വഹണത്തിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പുകളിലും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ജനകീയാസൂത്രണം, വികേന്ദ്രീകൃതാസൂത്രണം, കേരള വികസനപദ്ധതി എന്നീ പേരുകളിൽ അറിയപ്പെട്ട ഭരണസംവിധാനത്തിലൂടെ സാദ്ധ്യമായി. സംസ്ഥാന സർക്കാരിന്റെ റവന്യു വരുമാനത്തിന്റെ 30% മുതൽ 40% വരെ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുകയും അതുവഴി വികസന രംഗത്ത് വലിയ മുന്നേറ്റം നടത്തുന്നതിനും നമുക്ക് സാധിക്കുകയുണ്ടായി. ദരിദ്ര രാജ്യമായിരുന്ന ഇന്ത്യയെ മറ്റ് വികസിത രാജ്യങ്ങളോടൊപ്പം എത്തിക്കുന്നതിന് നടപ്പാക്കി വന്നിരുന്ന പഞ്ചവത്സരപദ്ധതികൾ കേന്ദ്ര സർക്കാർ

നിർത്തലാക്കിയെങ്കിലും സംസ്ഥാന സർക്കാർ 13-ാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണത്തിലൂടെ നടപ്പാക്കുവാൻ വിഭാവനം ചെയ്യുകയും നവകേരള മിഷൻ എന്ന ആശയത്തിലൂടെ വികസനത്തിന് രൂപം നൽകിയിരിക്കുകയുമാണ്. 1997 ൽ ജില്ലയിലെ മികച്ച 2-ാമത്തെ പഞ്ചായത്ത് എന്ന ബഹുമതിയും 5 ലക്ഷം രൂപ ക്യാഷ് അവാർഡും സാക്ഷ്യപത്രവും ലഭ്യമാവുകയും 2007ൽ നിർമ്മൽ പുരസ്ക്കാരമായി 5 ലക്ഷം രൂപയും സാക്ഷ്യപത്രവും കൂടാതെ 2014 ൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ആരോഗ്യ കേരളം പുരസ്ക്കാരം 2 ലക്ഷം രൂപയും സാക്ഷ്യപത്രവും 2015 ലെ പ്രവർത്തന മികവിനായി സർക്കാർ ഏർപ്പെടുത്തിയ മഹാത്മാ പുരസ്ക്കാരവും 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ജില്ലയിലെ മികച്ച രണ്ടാമത്തെ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫിയും ഉൾപ്പെടെ വിവിധങ്ങളായ ബഹുമതികൾ നേടിയെടുക്കുവാൻ കഴിഞ്ഞകാലങ്ങളിൽ മണക്കാട് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷാവസാനം മണക്കാട് ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ. അംഗീകാരവും ലഭിച്ചിട്ടുണ്ട്.

ഉൽപ്പാദന മേഖല

തൊടുപുഴയാറിന്റെ ജലസമൃദ്ധിയാൽ അനുഗ്രഹീതമായ ഈ പഞ്ചായത്തിൽ ഭൂരിഭാഗം കുടുംബങ്ങളും കൃഷി അനുബന്ധമേഖല പ്രവർത്തനങ്ങളെ ആശ്രയിച്ച് കഴിയുന്നവരാണ്. വൻതോതിൽ കീടനാശിനികൾ ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച് വരുന്ന കാർഷിക വിളകളുടെ ഉപയോഗം മനുഷ്യ രാശിക്കും പ്രകൃതിക്കും തന്നെ ഒരു വിപത്തായി മാറുന്നത് ജനങ്ങളുടെ ഇടയിൽ ഒരു തിരിച്ചറിവ് ഉണ്ടാക്കിയിട്ടുണ്ട്. ജൈവ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് വ്യക്തികളും കുടുംബങ്ങളും സംഘങ്ങളും പുത്തൻ ഉണർവോടുകൂടി പ്രയത്നിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തും ജനങ്ങളുടെ ഈ പരിശ്രമങ്ങളുടെ കൂടെത്തന്നെയുണ്ട്. കൂടാതെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സമഗ്ര പുരയിട കൃഷി വികസനത്തിനും പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. വനിതകൾക്ക് കാലിത്തീറ്റ വിതരണം, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കന്നുകുട്ടികൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്ന് വിതരണം എന്നിവ ഉൽപ്പാദനമേഖലയിൽ ഏറ്റെടുത്തിട്ടുള്ള മറ്റ് പദ്ധതികളാണ്.

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മണക്കാട് ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത് 01.02.2008 ൽ ആണ്. ഈ പദ്ധതിയിൽ ഇപ്പോൾ ഏകദേശം 1707 ഓളം കുടുംബങ്ങൾ തൊഴിൽ ചെയ്യുന്നുണ്ട്. നിലവിൽ പണികൾ പൊതുവെ കുറവാണെങ്കിലും നീർത്തടാധിഷ്ഠിത പദ്ധതികൾ നിലവിൽ വരുന്നതോട് കൂടി കൂടുതൽ തൊഴിലുകൾ ഉണ്ടാകുകയും ഉല്പാദന രംഗത്ത് മുന്നേറ്റം നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രതിദിന വേതനം 369 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. തൊഴിലുറപ്പ്പദ്ധതിയിലൂടെ മിനി എം.സി.എഫ്, സോക്ക്പിറ്റ് നിർമ്മാണം, ബി.പിഎൽ.വിഭാഗങ്ങൾക്ക് ആട്ടിൻകൂട് നിർമ്മാണ സഹായം, കല്ലുകയ്യാല - നീർക്കുഴി നിർമ്മാണ സഹായം തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കി. 40% മെറ്റീരിയൽ വർക്കുകളിൽ 10 % മാത്രം റോഡുകൾക്ക് എന്ന നിബന്ധന സർക്കാർ തലത്തിൽ പുനഃപരിശോധിച്ച് വർദ്ധിപ്പേക്കണ്ടതുണ്ട്.

സേവന മേഖല

സേവനമേഖലയിൽ കിടപ്പ് രോഗികൾക്കായി പെയിൻ & പാലിയേറ്റീവ് പ്രോജക്ട് നടപ്പിലാക്കി വരുന്നു.

അംഗൻവാടികളുടെ മെയിന്റനൻസ്, ആരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പ്, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം, ഭവന നിർമ്മാണം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ മുൻ വർഷത്തെ പദ്ധതികളിൽപ്പെടുന്നു. ലൈഫ് പദ്ധതി പ്രകാരം അർഹരായ എല്ലാവർക്കും വീട്

നൽകുന്നതിന് ലക്ഷ്യമിടുന്നു. ജനറൽ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനുള്ള ധനസഹായം നൽകുന്നതിന് നടപ്പിലാക്കിയ ജവഹർ ഭവനപദ്ധതിയുടെ ലോൺ തിരിച്ചടവ് 2025-26 ൽ അവസാനിച്ചു. അംഗനവാടി പോഷകാഹാര പരിപാടി സേവനമേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളാണ്. കൂടാതെ കുടുംബാരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് ലാബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞത് ആരോഗ്യമേഖലയിലെ എടുത്തു പറയത്തക്ക പ്രോജക്ടാണ്.

പശ്ചാത്തല മേഖല

ഏറ്റവും കൂടുതൽ ഫണ്ട് ആവശ്യം വരുന്ന മേഖലയാണിത്. ഗ്രാമസഭകൾ വഴി വിവിധങ്ങളായ ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ടെങ്കിലും അവയെല്ലാം നടപ്പാക്കുന്നതിനുതകുന്ന ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആവശ്യങ്ങൾ ഇനിയും ബാക്കിയാണ്. പശ്ചാത്തലമേഖലയിൽ ഏറ്റവും കൂടുതൽ ഉൾപ്പെടുത്തിയിട്ടുള്ളത് റോഡുകളുടെ വികസനത്തിനാണ്. ഗതാഗതയോഗ്യമല്ലാത്ത ഗ്രാമീണ റോഡുകളുടെ വികസനം,പഞ്ചായത്തിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ കെട്ടിടനിർമ്മാണം സംരക്ഷണം എന്നിവയ്ക്കാണ് മുഖ്യപ്രാധ്യാന്യം നൽകുന്നത്. പഞ്ചായത്ത് റോഡുകളുടെ പൂർണ്ണമായ വികസനത്തിന് നിലവിൽ ലഭിക്കുന്ന പ്ലാൻ ഫണ്ട് അപര്യാപ്തമായതിനാൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ ഫണ്ടും എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടുകളും ഉപയോഗിച്ച് ഈ മേഖലയിൽ കൂടുതൽ വികസന പരിപാടികൾ നടപ്പാക്കേണ്ടിയിരിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃതപദ്ധതി വഴി ലഭിക്കുന്ന ഫണ്ടുപയോഗിച്ച് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് ഗതാഗതരംഗത്ത് മുന്നേറുവാൻ സാധിക്കും. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി വിവിധ റോഡുകളുടെ മെയിന്റനൻസിനുള്ള പദ്ധതിക്ക് ലഭിക്കുന്ന ഫണ്ട് തകർന്നുകിടക്കുന്ന മൺറോഡുകളുടെ പുനരുദ്ധാരണത്തിന് ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഒരു വെല്ലുവിളിയായി തുടരുന്നു.

വനിതാ ക്ഷേമം, ശിശുക്ഷേമം, വയോജനക്ഷേമം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം

സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും ദാരിദ്ര്യ നിർമ്മാർജനത്തിനും വേണ്ടി രൂപം നൽകിയ പദ്ധതിയാണ് കുടുംബശ്രീ. ഈ പദ്ധതി വഴി വിവിധങ്ങളായ തൊഴിൽ സംരംഭങ്ങൾക്ക് രൂപം നൽകി സ്ത്രീകളെ സ്വയം പര്യാപ്തമാക്കുന്നതിനും സമ്പാദ്യ ശീലം വളർത്തുന്നതിനും, വായ്പാസഹായം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതുവഴി സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും കഴിയുന്നു. ഈ പഞ്ചായത്തിൽ 167 ഓളം കുടുംബശ്രീ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ഇവയ്ക്ക് കഴിഞ്ഞിട്ടില്ല. അവയുടെ പ്രവർത്തനം പിന്നോക്കാവസ്ഥയിലാണ്. അംഗങ്ങൾക്ക് വേണ്ടുന്ന പരിശീലനം നൽകി വാർഡുകൾ തോറും ബാലസഭകൾ രൂപീകരിച്ച് കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ വളർത്തുന്നതിൽ ശ്രദ്ധിച്ചുവരുന്നു. കുടുംബശ്രീയുടെ വാർഷികം വിപുലമായ പരിപാടികളോടെ നടത്തുകയുണ്ടായി. കാർഷികരംഗത്ത് സ്ത്രീകളുടെ സ്വാശ്രയ ഗ്രൂപ്പുകൾ കടന്നുവന്ന് നെല്ല്, പച്ചക്കറി, വാഴ, കപ്പ തുടങ്ങിയ കൃഷി ഇനങ്ങളിൽ നടത്തിവരുന്ന പ്രവർത്തനം മാതൃകാപരമാണ്. വനിതകൾക്ക് വരുമാന മാർഗ്ഗം നൽകുന്നതിന് അവരുടെ സാമൂഹ്യ അവസ്ഥയിൽ ഉയർച്ച നൽകുന്നതിനുമായി വനിത പദ്ധതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. ശാരീരിക-മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം നൽകുന്നതിനും വയോ

ജനങ്ങളുടെ ക്ഷേമത്തിനായും പദ്ധതി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അങ്കണ വാടികളുടെ കെട്ടിട നവീകരണത്തിനും അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകു ന്നതിനും മുൻ വർഷം പദ്ധതികൾ ഏറ്റെടുത്തിരുന്നു.

ആരോഗ്യം

ആരോഗ്യമേഖലയിൽ പ്രവർത്തിച്ചുവരുന്ന പി.എച്ച്.സി., ആയൂർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറികൾ, സിദ്ധ-ഡിസ്പെൻസറികൾ തുടങ്ങിയവക്ക് മരുന്ന് ലഭ്യമാക്കു ന്നതിലേക്കായി ആവശ്യമായ തുക മുൻ വർഷം പദ്ധതിയിൽ വകയിരുത്തിയിരുന്നു. കൂടാതെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ആർദ്ര കേരളം പദ്ധതിയുടെ ഭാഗമായി പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയും ചെയ്തു. ആയുർവേദ ഡിസ്പെൻസറിയേയും പി.എച്ച്.സി സബ്സെന്ററുകളെയും ഹെൽത്ത് & വെൽനസ്സ് സെന്ററുകളായി ഉയർത്തിയതുവഴി കൂടുതൽ സേവനം ജനങ്ങൾക്ക് നൽകാനാകും. ഇതിന്റെ ഭാഗമായി NHM ഹെൽത്ത് ഗ്രാന്റായി 7 ലക്ഷം രൂപ വീതം 3 ഉപകേന്ദ്രങ്ങൾക്കും ഹെൽത്ത് & വെൽനെസ് കേന്ദ്രമായി ഉയർത്താൻ ലഭ്യമായിട്ടു□ ്

ശുചിത്വം

ഗാർഹിക ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ച് വളമാക്കുന്ന പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെ സഹായത്തോടെ ബയോബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തു. വീടുകളിലെ പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ സംഭരിച്ച് ക്ലീൻ കേരള മിഷന് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതി ഹരിത കർമ്മസേന അംഗങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. വാർഡ് തലങ്ങളിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ പ്രധാന കേന്ദ്രമായ എം.സി.എഫ് ൽ എത്തിക്കുന്നതിനായി ഇലക്ട്രിക് പിക്അപ്പ് ഓട്ടോറിക്ഷ വാങ്ങുകയും ചെയ്തു. എം.സി.എഫി ൽ എത്തിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഗ്രീൻ വേംസ് എന്ന സ്ഥാപനം യഥാസമയം നീക്കം ചെയ്യുന്നുണ്ട്. മണക്കാട് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്താക്കി മാറ്റുക എന്ന ലക്ഷ്യമിട്ടുകൊണ്ട് എല്ലാ വിധത്തിലും മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള പദ്ധതികൾ 2024-2025 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത്, എല്ലാ സംവിധാനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി എം.എസി.എഫ്. നിർമ്മാണം പൂർത്തീകരി ച്ചിട്ടുണ്ട്. പഞ്ചായത്തിന്റേയും ശുചിത്വമിഷന്റേയും സഹായത്തോടെ നെടിയശാലയിൽ നിർമ്മാണം ആരംഭിക്കുകയും കോടതി കേസിൽപെട്ട് നിർമ്മാണം തടസ്സപ്പെട്ടതുമായ ടേക് എ ബ്രേക്ക് വഴിയോര വിശ്രമകേന്ദ്രം 11 ലക്ഷത്തോളം രൂപ മുടക്കി നിർമ്മാണം പൂർത്തിയാക്കി മനോഹരമാക്കി നാടിന് സമർപ്പിക്കാൻ കഴിഞ്ഞു എന്നത് ഏറെ അഭിമാനകരമാണ്.

അദ്ധ്യായം 2

2025-26 വാർഷിക പദ്ധതി അവലോകനം

മണക്കാട് ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണസമിതിയുടെ ആദ്യ വാർഷിക പദ്ധതിയ്ക്ക് രൂപം നൽകുന്ന സന്ദർഭമാണിത്. കഴിഞ്ഞ 5 വർഷങ്ങളിലായി കഴിഞ്ഞ ഭരണസമിതി നടത്തിയിട്ടുള്ള വികസനപ്രോജക്ടുകൾ പഞ്ചായത്തിന്റെ വിവിധ മേഖലകളുടെ പുരോഗതിയ്ക്ക് ഉപകരിച്ചിട്ടുണ്ട്. ഗ്രാമസഭകൾ വഴി നിർദ്ദേശിക്കപ്പെടുന്ന നിരവധി ആവശ്യങ്ങൾ എല്ലാം തന്നെ നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ലായെങ്കിലും ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിലും പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികളിലൂടേയും നിരവധിയായ പ്രോജക്ടുകൾ നടപ്പാക്കുവാൻ കഴിഞ്ഞു എന്നത് എടുത്ത പറയത്തക്കതാണ്.

2025-26 നടപ്പുസാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി ഈ അവസരത്തിൽ പ്രത്യേകം പരിശോധിയ്ക്കേണ്ടതുണ്ട്. 13 വർക്കിംങ് ഗ്രൂപ്പുകളും, അവയുടെ പരിധിയിൽ വരുന്ന വിവിധ പ്രോജക്ടുകളുടേയും നിർവ്വഹണ പുരോഗതിയും ഈ അദ്ധ്യായത്തിലൂടെ വിവരിക്കുകയാണ്.

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ആരോഗ്യമേഖല, പാർപ്പിടം, പശ്ചാത്തല മേഖലയടക്കമുള്ള വിവിധ മേഖലകളി രൂപം ന കിയ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥാ വിശേഷം രേഖപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രോജക്ടുകളുടെ 2025-26 വാർഷിക പദ്ധതി പുരോഗതി താഴെ പറയുന്ന പ്രകാരം അവലോകനം ചെയ്യുകയാണ്.

അദ്ധ്യായം 3
പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

വിദ്യാഭ്യാസ മേഖല

മണക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 2 എൽ.പി. സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ കുറവാണ് വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. കൂടുതൽ രക്ഷിതാക്കൾ കുട്ടികളെ സമീപ ടൗണുകളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് അയക്കുന്ന പ്രവണത കൂടിവരികയാണ്. സ്കൂളുകളുടെ ഭൗതീക സൗകര്യങ്ങൾ പൂർണ്ണമായ തോതിൽ മെച്ചപ്പെടുത്തി നടപ്പാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത മൂലം സാധിക്കുന്നില്ല. തുടർവിദ്യാ കേന്ദ്രങ്ങൾ ലൈബ്രറികൾ എന്നിവയുടെ ഭൗതീക സൗകര്യങ്ങൾ പൂർണ്ണമായും നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. ചിറ്റൂർ എൽ.പി. സ്കുൾ പുനരുദ്ധാരണത്തിനായും അരിക്കുഴ ഗവ. എൽ.പി. സ്കൂളിന്റെ അടിസ്ഥാനസൗകര്യ വികസനത്തി നായും നടപ്പുവർഷം പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ബി.ആർ.സി യിൽ നിന്നും 10 ലക്ഷം രൂപ വീതം ഈ രണ്ടു സ്കൂളുകൾക്കും നവീന പഠനരീതിക്കായി അനുവദിച്ചിട്ടുള്ളതുമാണ്. ചിറ്റൂർ സ്കൂളിൽ ടോയ്ലറ്റ് നവീകരണത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ സഹായം ലഭ്യമാകുകയും പ്രവർത്തികൾ നടന്നുവരുന്നതുമാണ്.

സ്കൂളുകളിലെ പഠന നിലവാരം പരമാവധി ഉയർത്തിയും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ച് മെച്ചപ്പെട്ട ആധുനീക ഭൗതീക സൗകര്യങ്ങൾ ഒരുക്കിയും പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷിക്കേണ്ടതുണ്ട്. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നോ എം.പി. ഫണ്ടിൽ നിന്നോ സ്കൂൾ ബസ് ലഭ്യമാക്കുന്നതും സ്കൂളിലേക്ക് കുട്ടികളെ കൂടുതൽ ആകർഷിക്കുമെന്നും കരുതുന്നു. അതുപോലെ തുടർ വിദ്യാകേന്ദ്രങ്ങളിൽ ലൈബ്രറികൾ എന്നിവയുടെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ആയതിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

ആരോഗ്യമേഖല

മണക്കാട് ഗ്രാമപഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒരു കുടുംബാരോഗ്യകേന്ദ്രവും അതിന്റെ കീഴിൽ 3 സബ്ബ്-സെന്ററുകളും പ്രവർത്തിക്കുന്നു. കൂടാതെ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ഒരു എൻ.എച്ച്.എം. സിദ്ധ ഡിസ്പെൻസറിയും, ആയുർവ്വേദ രംഗത്ത് പ്രവർത്തിക്കുന്നു. ഹോമിയോപ്പതി രംഗത്ത് ഒരു ഡിസ്പെൻസറിയും, എൻ.എച്ച്.എം. ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു.

ധാരാളം രോഗികൾ അഭയം പ്രാപിക്കുന്ന ഏക സർക്കാർ ആശുപത്രിയാണ് മണക്കാട് പി. എച്ച്.എസി. ഈ സ്ഥാപനത്തെ കുടുംബാരോഗ്യകേന്ദ്രം (FHC)എന്ന പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടെങ്കിലും അതിനനുസൃതമായ ജീവനക്കാരെ നിയമിക്കാത്തത് ഈ മേഖല നേരിടുന്ന പ്രതിസന്ധിയാണ്. ഇവിടെ നാളിതുവരെ ഐ.പി. വിഭാഗം പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ ലാബോറട്ടറി സൗകര്യം, ജീവനക്കാർക്ക് ക്വാർട്ടേഴ്സ് എന്നിവയും ഇല്ലാത്തത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമായിരുന്നു. എന്നാൽ ലാബോറട്ടറിയുടെ

പ്രവർത്തനം നടപ്പുവർഷം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയുള്ള പി.എച്ച്.സി. കെട്ടിടം നിർമ്മിക്കുന്നതിന് ബഹു.സർക്കാരിൽ നിന്ന് ആർദ്ര കേരളം പദ്ധതിയുടെ ഭാഗമായി ഫണ്ട് ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകരമായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ആർദ്രകേരളം പുരസ്കാരം 3 ലക്ഷം രൂപയും പ്രംശസാപത്രവും ജില്ലയിലെ മികച്ച രണ്ടാമത്തെ പഞ്ചായത്ത് എന്ന അംഗീകാരവും മുൻവർഷം ലഭിച്ചിരുന്നു. എൻ.ആർ.എച്ച്.എം. സിദ്ധ, ഹോമിയോ ഡിസ്പെൻസറികൾ നിലവിൽ പ്രവർത്തിക്കുന്നത് പുതിയ കെട്ടിടങ്ങളിലാണ്. ധാരാളം രോഗികൾ ഇവിടെ ചികിത്സക്കായി എത്തുന്നുണ്ടെങ്കിലും സൗകര്യപ്രദമായ കെട്ടിടമില്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് കണ്ടെത്തുന്നതിനും നടപ്പുവർഷം പൂർത്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം പദ്ധതികൾ എടുത്തിട്ടുണ്ട്. പി.എച്ച.സി യുടെ കീഴിലുള്ള മൂന്ന് സബ്സെന്ററുകളെയും ആയുർവ്വേദ ഡിസ്പെൻസറിയെയും ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ഇവിടെ ജീവിതശൈലീ രോഗങ്ങൾക്ക്ആ ഉപകരിക്കുന്നവിധം ഓപ്പൺജിം, യോഗ, സൂബാഡാൻസ് എന്നീ നവീന പരിപാടികളും ആരംഭിച്ചിട്ടുണ്ട്. ആയുർവ്വേദ ആശുപത്രിയോടനുബന്ധിച്ച് യോഗ സെന്ററും യോഗ ട്രെയിനറെയും അനുവദിച്ച് പ്രവർത്തനം നടത്തിവരുന്നു. ബഹു.ഇടുക്കി എം.പി യുടെ വികസനഫണ്ടിൽ നിന്നും 6 ലക്ഷം രൂപയും പ്രത്യേക ഗ്രാന്റായി കിട്ടിയ 5 ലക്ഷവും ഉൾപ്പെടെ 11 ലക്ഷം രൂപ ആയുർവേദ ഡിസ്പെൻസറിയിൽ യോഗഹാൾ നിർമ്മാണത്തിന് അനുവദിക്കുകയും പണികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

കുടിവെള്ളം

മണക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ വേനൽകാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അതുപോലെ കേരള വാട്ടർ അതോറട്ടറിയുടെ പൈപ്പ്ലൈനുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ പോലും എല്ലാ സമയവും കുടിവെള്ളം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്.

മണക്കാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര കുടിവെള്ള പദ്ധതി ഏതാണ്ട് പൂർത്തീകരിച്ചിരിക്കുകയാണ്. കേന്ദ്ര പദ്ധതിയായ ജലജീവൻ പദ്ധതിയിലൂടെ 95 ശതമാനം കുടുംബങ്ങളിലും ഗാർഹിക വാട്ടർ കണക്ഷൻ നൽകുവാൻ കഴിഞ്ഞു. ഈ പദ്ധതിയുടെ പൂർണ്ണമായ പൂർത്തീകരണത്തോടെ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും മുടക്കം കൂടാതെ കുടിവെള്ളം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. നിരന്തരമായി പൈപ്പുകൾ പൊട്ടുന്നതും ആയത് യഥാസമയം നന്നാക്കാൻ വാട്ടർ അതോറിട്ടി കാണിക്കുന്ന കാലതാമസവും കുടിവെള്ള മേഖല നേരിടുന്ന വെല്ലുവിളിയായി തുടരുന്നു.

പാർപ്പിടം

മണക്കാട് ഗ്രാമപഞ്ചായത്തിൽ ധാരാളം കുടുംബങ്ങൾ വീട് വെയ്ക്കുന്നതിന് സ്ഥലമില്ലാതെയും വീടില്ലാതെയും കഷ്ടപ്പെടുന്നുണ്ട്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, ജവഹർ ഭവന നിർമ്മാണ പദ്ധതി, പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം നിരവധി വീടുകൾ നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും ഭവന രഹിതരായ മുഴുവൻ ആളുകൾക്കും ഭവനം

നിർമ്മിച്ച് നൽകുന്നിത് സാധിച്ചിട്ടില്ല. ലൈഫ് ഭവനനിർമ്മാണ പദ്ധതി നടപ്പിലാകുന്നതോടുകൂടി മണക്കാട് ഗ്രാമപഞ്ചായത്തിലെ ഭവന രഹിതരായ മുഴുവൻ ആളുകൾക്കും സുരക്ഷിതവും മാന്യ വുമായ പാർപ്പിടം ഉറപ്പുവരുത്തുന്നതിന് സാധിക്കും എന്ന് പ്രത്യാശിക്കുന്നു. ഭൂരഹിത ഭവനരഹിതർക്ക് വേണ്ടി നടപ്പാക്കുന്ന ലൈഫ് മിഷൻ പാർപ്പിട പദ്ധതിയുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചെങ്കിലും സർക്കാരിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കാൻ വൈകുന്നത് പാർപ്പിട മേഖലയിൽ ഏറെ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്.

വൈദ്യുതി

മണക്കാട് ഗ്രാമപഞ്ചായത്തിൽ പല ഭാഗങ്ങളിലും അപ്രതീക്ഷിതമായി അടിക്കടി വൈദ്യുതി ഇല്ലാതാകുന്ന അവസ്ഥയാണുള്ളത്. റബ്ബർത്തോട്ടങ്ങളിൽ കൂടിയും മറ്റും കടന്നുപോകുന്ന ലൈനു കളിലെ ടച്ചിംഗുകൾ യഥാസമയം വെട്ടിനീക്കാത്തതാണ് പ്രധാന പ്രശ്നം. പഞ്ചായത്തിന്റെ പല മേഖലകളിലും സ്ട്രീറ്റ് മെയ്നുകൾ ഇല്ലാത്തതിനാൽ തെരുവുവിളക്കുകൾ കത്തിക്കുന്നതിന് സാധി ക്കുന്നില്ല. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നിലാവ് പദ്ധതിയിലൂടെ പുതിയതായി 500 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും ഇവയിൽ ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ല. കെ.എസ്.ഇ.ബി. യുടെ അനാസ്ഥ ഈ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നു.

നിലവിലുള്ള ലൈനുകളിലേക്കുള്ള വൃക്ഷങ്ങളുടെ ടച്ചിംഗുകൾ വെട്ടിമാറ്റിയും മറ്റും വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്തി വരുന്നു. വിവിധ പദ്ധതികളിൽപെ ടുത്തി മണക്കാട് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണവൈദ്യുി ഗ്രാമമാക്കി മാറ്റുവാൻ കഴിഞ്ഞിട്ടുണ്ട്.

ഗതാഗതം

നിലവിലുള്ള പഞ്ചായത്ത് റോഡുകളിൽ കുറെഭാഗം പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമ ല്ലാത്ത അവസ്ഥയിലാണ്. സമഗ്ര കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിച്ചതോടെയാണ് റോഡുകൾ ഇപ്രകാരം താറുമാറായത്. എന്നാൽ കേരള വാട്ടർ അതോറിട്ടി ഇപ്രകാരം തകർത്ത റോഡുകൾ നന്നാക്കുന്നതിന് പഞ്ചായത്തിന് യാതൊരുവിധ നഷ്ടപരിഹാരവും നൽകിയിട്ടില്ല. പശ്ചാ ത്തല മേഖലയിൽ പഞ്ചായത്തിന് ലഭ്യമാകുന്ന തുക വളരെ പരിമിതമായതിനാൽ മെയിന്റനൻസ് നടത്തി പരിപാലിക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല. റോഡ് വികസനത്തിനാവശ്യമായ ഫണ്ട് നടപ്പ് വർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ല.

പഞ്ചായത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ലഭ്യമായ ഫണ്ട് ഉപയോഗിച്ച് എല്ലാ വാർഡുകളിലും ഏറ്റവും അടിയന്തരമായി നന്നാക്കേണ്ട റോഡുകൾ നന്നാക്കുന്നതിന് ഈ വർഷം പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. കൂടാതെ എം.എൽ.എ. ഫണ്ട്. എം.പി. ഫണ്ട്, ദുരിതാശ്വാസ ഫണ്ട്, എന്നീ ഫണ്ടുകൾ കൂടി ലഭിക്കുകയാണെങ്കിൽ തകർന്ന റോഡുകളെല്ലാം നന്നാക്കുന്നതിന് സാധി ക്കുന്നതാണ്. നിലവിൽ ലഭ്യമാകുന്ന റോഡ് മെയിന്റനൻസ് ഫ□ ് അറ്റകുറ്റപണികൾക്ക് മാത്രമായി നിജപ്പെടുത്തിയതു മൂലം ഗ്രാമീണ മൺറോഡുകൾ ഗതാഗതയോഗ്യമാക്കാൻ ഫ□ ിന്റെ കുറവ് നേരിടുന്നതാണ് പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളി. പശ്ചാത്തലമേഖലയിൽ ത്രിതല പ ഞ്ചാത്തുകൾ സംയുക്തമായി തുക വകയിരുത്തിയാൽ റോഡുകളുടെ ശോച്യാവസ്ഥ പൂർണ്ണമായും പരിഹരിക്കാൻ കഴിയും.

അധ്യായം 4

വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

കൃഷി അനുബന്ധ മേഖലകൾ
(മണ്ണ്, ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി സംരക്ഷണം)

ഇന്നത്തെ അവസ്ഥ-നിലനിൽക്കുന്ന പ്രശ്നങ്ങൾ

മണക്കാട് ഗ്രാമപഞ്ചായത്ത് തികച്ചും കാർഷിക മേഖലയാണെങ്കിലും കർഷകർ ഇന്ന് വളരെ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. കൃഷിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമായ ജലത്തിന്റെ സ്ത്രോതസ്സായി തൊടുപുഴയാറും, പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്ന എം.വി.ഐ.പി. ഇടതുകര കനാലും സ്ഥിതിചെയ്യുന്നു. എന്നാൽ തൊഴിലാളികളുടെ ദൗർലഭ്യവും കൃഷിക്ക് കൂലിച്ചെലവിനനുസൃതമായി വിപണിയിൽ മാർക്കറ്റ് വിലയും ലഭ്യമല്ലാതാകുകയും ചെയ്തതോടെ നെൽകൃഷി ഉൾപ്പെടെ പ്രതിസന്ധി നേരിടുകയും പെരിയാമ്പ്ര, അരിക്കുഴ തുടങ്ങിയ പാടശേഖരങ്ങളുടെ കുറെയേറെ ഭൂപ്രദേശങ്ങൾ ഇപ്പോഴും തരിശായി കിടക്കുന്ന അവസ്ഥയാണുള്ളത്. ഇവയിൽ മണക്കാട് മാരാംകോട് പാടശേഖരം ഒരു കർഷകൻ ഏറ്റെടുത്ത് നെൽകൃഷി ചെയ്യാൻ മുന്നോട്ടു വന്നത് ഏറെ ആശ്വാസകരവും അഭിനന്ദനം അർഹിക്കുന്നതുമാണ്. കൂടാതെ പെരിയാമ്പ്ര അരിക്കുഴ, പുതുപ്പരിയാരം, മണക്കാട് പാടശേഖരങ്ങൾ വെള്ളക്കെട്ടുമൂലം ചതുപ്പായി മാറുകയും ചെയ്തു. മുഖ്യ വിളയായി റബ്ബറിന്റെ വരവോടെ തെങ്ങ്, കൊക്കോ, വാഴ, കപ്പ, ഇഞ്ചി തുടങ്ങിയ കാർഷിക വിഭവങ്ങൾ ഇല്ലാതായ അവസ്ഥയാണുള്ളത്.

കാർഷിക ഉൽപന്നങ്ങളുടെ മാർക്കറ്റിംഗ് വെല്ലുവിളിയായി തുടരുന്ന സാഹചര്യത്തിൽ ആയതിന് പരിഹാരം കണ്ടുകൊണ്ടെ കാർഷിക മേഖലയ്ക്ക് ഒരു ഉയർത്തെഴുന്നേൽപ്പ് സാദ്ധ്യമാകൂ. കൃഷി വകുപ്പ് മുഖേന വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറി കൃഷി ചെയ്യാൻ അവസരങ്ങൾ ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുത്താൻ പലപ്പോഴും കർഷകർ മുന്നോട്ട് വരാത്തതും ഈ മേഖല നേരിടുന്ന വെല്ലുവിളിയാണ്. വഴിത്തലയുള്ള പബ്ലിക് മാർക്കറ്റിൽ ഒരു കാർഷിക ഉൽപന്നസംഭരണ വിപണനശാല ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

മൃഗസംരക്ഷണവും ക്ഷീരവികസനവും

ഇന്നത്തെ അവസ്ഥ-നിലനിൽക്കുന്നത് പ്രശ്നങ്ങൾ

റബ്ബറിന്റെ വില തകർച്ചയോടെ നിരവധി കർഷകർ ഉപജീവനത്തിനായി മൃഗസംരക്ഷണ മേഖലയിലേക്ക് മാറി ചിന്തിക്കുകയും പശുവളർത്തൽ മുഖ്യതൊഴിലായി സ്വീകരിക്കുകയും ചെയ്തു വരുന്നു. എന്നാൽ കാലിത്തീറ്റക്ക് അനുദിനം വില ക്രമാതീതമായി വർദ്ധിച്ചതോടെ ക്ഷീരമേഖലയും ഇന്ന് ഏറെ പ്രതിസന്ധി നേരിടുന്നു. ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് കിട്ടുന്ന വിലയും ഉല്പാദന ചെലവും തട്ടിക്കിഴിച്ചാൽ നാമമാത്ര വരുമാനം മാത്രമായി കാലിവളർത്തൽ മേഖല ദുരി

തത്തിലായിരിക്കുന്നു. കാലത്തീറ്റക്ക് ഉണ്ടായ വില വർദ്ധനവുപോലെ ആട് വളർത്തലിൽ ഏർപ്പെട്ടവർക്ക് തീറ്റയുടെ വിലവർദ്ധനവ് ഇന്നും ദോഷകരമായി ബാധിച്ചിരിക്കുന്നു. ഉല്പാദനചെലവിന് സഹായമായി ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഇൻസെന്റീവ് നൽകുന്നുണ്ടെങ്കിലും ബഹുഭൂരിപക്ഷം ക്ഷീരകർഷകരും വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പാൽ നൽകുന്നുണ്ടെങ്കിലും അവർക്ക് പാൽ ഇൻസെന്റീവ് ലഭിക്കാറില്ല. കാലിത്തീറ്റക്ക് ഉണ്ടായ അമിത വിലവർദ്ധനവ് തടയാൻ പഞ്ചായത്തിലെ മുഴുവൻ ക്ഷിര കർഷകർക്കും കുറഞ്ഞത് 6 മാസത്തേക്ക് എങ്കിലും കാലിത്തീറ്റക്ക് സംബ്സിഡി നൽകാൻ കഴിഞ്ഞാൽ മാത്രമേ ഈ രംഗത്ത് ഇനിയും കർഷകർ നിലനിൽക്കുകയുള്ളൂ.

മൃഗസംരക്ഷണ മേഖലയിൽ കോഴി വളർത്തലിന് പഞ്ചായത്ത് വഴി കോഴിയും കൂടും പദ്ധതി നടപ്പാക്കിയതുമൂലം മുട്ടയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഉപകരിച്ചിട്ടുണ്ട്. എന്നാൽ മുട്ടയുടെ വിലക്കുറവും ഉല്പാദന ചെലവും തമ്മിൽ തട്ടിക്കിഴിച്ചാൽ ഈ രംഗത്തും പ്രതിസന്ധി തന്നെ നിലനിൽക്കുന്നു.

മൃഗപരിപാലനമേഖലയിൽ പൊതുജനങ്ങൾ നേരിടുന്ന പ്രധാന വിഷയം തെരുവ് നായ്ക്കളുടെ ഭീഷണിയാണ്. അലഞ്ഞു നടക്കുന്ന ഇത്തരം നായ്ക്കളെ പിടികൂടി വന്ധ്യംകരണം ചെയ്ത് വംശവർദ്ധനവ് തടയുന്ന ABC പ്രോഗ്രാം ഇന്ന് നിലച്ചമട്ടാണ്. ത്രിതല പഞ്ചായത്തുകൾ ചേർന്ന് സംയുക്തമായി നടപ്പാക്കേണ്ട ഈ പ്രോജക്ടിന് സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് നിർത്തലാക്കിയ അവസ്ഥയാണുള്ളത്.

ചെറുകിട വ്യവസായം

ഇന്നത്തെ അവസ്ഥ-നിലനിൽക്കുന്ന പ്രശ്നങ്ങൾ

ചെറുതും വലുതുമായ നിരവധി വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്ന പഞ്ചായത്താണിത്. കോടികൾ മുടക്കിയുള്ള വൻകിട വ്യവസായങ്ങൾ മുതൽ മൈക്രോ സംരംഭങ്ങൾ വരെ ഇവിടെ പ്രവർത്തിക്കുന്നു. പിന്നോക്ക ജില്ല എന്ന ആനുകൂല്യത്തിന്റെ പേരിൽ സബ്സിഡി ലക്ഷ്യമിട്ട് ആരംഭിച്ച പല വ്യവസായങ്ങളും ആരംഭിച്ചെങ്കിലും സബ്സിഡി വാങ്ങി തുടർ പ്രവർത്തനം നിലച്ചുപോയ പല സ്ഥാപനങ്ങളുടെ അസ്ഥിപഞ്ജരങ്ങൾ അവിടവിടെയായി കാണാൻ കഴിയും. അവയിൽ ചിലതാണ് ചാൻസിലർ പേപ്പർ മിൽ അരിക്കുഴ, മാന്തളിരുംപാറ തീപ്പെട്ടി കമ്പനി, അംബേദ്കർ ഇൻഡസ്ട്രീസ് മണക്കാട്, അശ്വതി പ്ലാസ്റ്റിക്ക് ഇൻഡസ്ട്രീസ് മണക്കാട്, കൊച്ചിൻ പോളീപായ്ക്ക് എന്നിവ. കൂടാതെ കരിങ്കൽ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നതും മെറ്റൽ, മണൽ എന്നിവ ഉല്പാദിപ്പിക്കുന്നതുമായ 6 വ്യവസായ സംരംഭങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു.

മത്സ്യബന്ധനം

ഇന്നത്തെ അവസ്ഥ-നിലനിൽക്കുന്ന പ്രശ്നങ്ങൾ

മത്സബന്ധനത്തിന് തീരപ്രദേശങ്ങൾ ഇല്ലാത്ത ഈ പഞ്ചായത്തിൽ ഗാർഹിക മത്സ്യകുളങ്ങൾ, ജലാശയങ്ങൾ എന്നിവയാണ് മത്സ്യം വളർത്തുന്നതിന് നിലവിലുള്ള സംവിധാനമായിട്ടുള്ളത്. എങ്കിലും വ്യവസായിക അടിസ്ഥാനത്തിൽ മത്സ്യം വളർത്തുന്ന 35 കർഷകർ നിലവിൽ ഉണ്ട്.

കൂടാതെ ചെറു പടുതാക്കുളങ്ങൾ, ടാങ്കുകൾ തുടങ്ങിയവയിൽ ഗാർഹിക ആവശ്യത്തിന് മത്സ്യ കൃഷിയിൽ ഏർപ്പെട്ട കർഷകരും നിരവധിയുണ്ട്. അലങ്കാര മത്സ്യകൃഷി പെരിയാമ്പ്ര ഭാഗത്ത് ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചെങ്കിലും വിപണിയുടെ പ്രതിസന്ധിമൂലം നിലച്ചുപോയ അവസ്ഥ യാണുള്ളത്. പഞ്ചായത്തിന്റെ അധീനതയിലുള്ള കുളങ്ങൾ ഇതിലേക്കായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ മത്സ്യ കൃഷിയിലൂടെ വരുമാനം വർദ്ധിപ്പിക്കുവാനും ഗുണമേന്മയുള്ള മത്സ്യം പ്രാദേ ശികമായി ലഭ്യമാക്കുവാനും കഴിയും.

പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ)

ഇന്നത്തെ അവസ്ഥ - നിലനിൽക്കുന്ന പ്രശ്നങ്ങൾ

പശ്ചാത്തല സൗകര്യം, റോഡുകൾ-പാലങ്ങൾ

പഞ്ചായത്തിലെ പ്രധാന വീഥികളാണ് സംസ്ഥാന ഹൈവേയുടെ ഭാഗമായിട്ടുള്ള തൊടുപു ഴ-രാമമംഗലം റോഡും, തൊടുപുഴ-പിറവം റോഡും. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയി ലുള്ള ഈ റോഡുകൾ കൂടാതെ മണക്കാട്-നെടിയശാല, മണക്കാട്-പുതുപ്പരിയാരം-നെടിയശാല, പുതുപ്പരിയാരം-പൂതക്കാവ്, വഴിത്തല-പെരിയാമ്പ്ര, വഴിത്തല-പാറക്കടവ്, പുതുപ്പരിയാരം-ചിറ്റൂർ എന്നീ റോഡുകൾ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നബാർഡ്, പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി, ഇടുക്കി പക്കേജിൽ നിർമ്മാണം നടത്തിയ റോഡ് എന്നിങ്ങനെ വിവിധ റോഡു കളും സ്ഥിതിചെയ്യുന്നു.

പൊതുവെ വീതികുറഞ്ഞതും പഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ നിരവധി റോഡു കൾ ഇതുകൂടാതെ ഗതാഗത മേഖലയിൽ സ്ഥിതിചെയ്യുന്നു. പശ്ചാത്തല മേഖലയിൽ ലഭിക്കുന്ന 25% വിഹിതവും റോഡ് മെയിന്റനൻസ് ഗ്രാന്റും ഉപയോഗിച്ച് ഓരോ വർഷങ്ങളിലും ഇത്തരം ഗ്രാമീണ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. വാർഡുതലത്തിൽ ലഭ്യമാകുന്ന ഫണ്ടിന്റെ കുറവു മൂലം പൂർണ്ണമായും ഗ്രാമീണ റോഡുകൾ പുനരുദ്ധാരണം നടത്താൻ കഴിയാറില്ല. കൂടാതെ എം. എൽ.എ., എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടുകൾ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി ഫണ്ടുകൾ എന്നിങ്ങനെ പ്രയോജനപ്പെടുത്തി ഘട്ടം ഘട്ടമായി ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിച്ചു വരുന്നു. എങ്കിലും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വരുന്ന നിർദ്ദേശ ങ്ങൾക്ക് അനുസൃതമായി റോഡുകളുടെ ശോച്യാവസ്ഥ പൂർണ്ണായും പരിഹരിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.

ഗ്രാമസഭകളിൽ നിന്നുയർന്നു വരുന്ന നിർദ്ദേശങ്ങൾ മേൽത്തട്ടു നിർദ്ദേശങ്ങളായി നൽകേ ണ്ടവ തരം തിരിച്ച് ക്രമീകരിക്കുന്നുണ്ടെങ്കിലും ത്രിതല സംവിധാനം ഇന്നും വെള്ളത്തിൽ ഒഴിച്ച എണ്ണപോലെ വേറിട്ട് നൽക്കുന്ന അവസ്ഥയാണുള്ളത്.

റോഡുകളുടെ പുന:രുദ്ധാരണം-പ്രശ്നപരിഹാരവും-നിർദ്ദേശങ്ങളും

ഗ്രാമീണ റോഡുകളുടെ പുന:രുദ്ധാരണത്തിന് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ അപ ര്യാപ്തതയാണ് ഈ രംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ബ്ലോക്ക്, ജില്ല, സംസ്ഥാനം, കേന്ദ്രം ഇവയ്ക്കൊന്നും പ്രത്യേക തലങ്ങൾ ഇല്ല. റോഡുകൾ സ്ഥിതിചെയ്യുന്നത് ഗ്രാമത്തിൽ തന്നെയാ

ണ്. ആയതിനാൽ ഗ്രാമസഭാ നിർദ്ദേശങ്ങൾ അനുസരിച്ച് പഞ്ചായത്തുകൾ തയ്യാറാക്കുന്ന മേൽത്തട്ടു നിർദ്ദേശങ്ങൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങളും അതുപോലെ എം.എൽ.എ, എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടുകളും വിനിയോഗിപ്പിച്ചാൽ ഘട്ടം ഘട്ടമായി ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കുവാൻ കഴിയും. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന റോഡുകളുടെ കാര്യത്തിൽ 6 മീറ്റർ വീതി നിബന്ധന ഉള്ളതിനാൽ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകൾക്ക് റോഡ് വിഹിതം പ്രോജക്ട് വഴി നിർവ്വഹണത്തിന് കൈമാറിയാൽ നിലവിലുള്ള റോഡുകളുടെ വീതി ബാധകമാക്കാതെ പുന:രുദ്ധാരണം നടത്താൻ കഴിയും.

പഞ്ചായത്തുകളിലെ ഗ്രാമീണ റോഡുകൾ സംബന്ധിച്ചും അവ ലിങ്ക് ചെയ്യുന്ന ചെയ്യുന്ന പ്രധാന വീഥികൾ സംബന്ധിച്ചും വ്യക്തമായ ചിത്രം രൂപവൽക്കരിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മുഴുവൻ റോഡുകളും സംബന്ധിച്ച വിശദാംശങ്ങളും, അവ മറ്റു റോഡുകളുമായി സന്ധിക്കുന്ന പ്രധാന കേന്ദ്രങ്ങളും ഉൾക്കൊള്ളുന്ന "റോഡ് കണക്ടിവിറ്റി മാപ്പ്" തയ്യാറാക്കുകയും എല്ലാ ഗ്രാമീണ റോഡുകളുടെയും ആരംഭ അവസാന ഭാഗങ്ങളിൽ റോഡിന്റെ പേര് നീളം, വീതി, തരം എന്നിവ രേഖപ്പെടുത്തിയ നെയിം ബോർഡുകൾ സ്ഥാപിച്ച് മാപ്പിംഗ് നടത്തിയാൽ മറ്റു പ്രദേശങ്ങളിൽ നിന്നും ഇവിടെയത്തുന്നയാളുകൾക്ക് പരസഹായം കൂടാതെ തന്നെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് ഉപകരിക്കുകയും ചെയ്യും. സാധാരണ വിഹിതം നടപ്പുവർഷം 20 ലക്ഷത്തോളം രൂപ കുറവു വന്നിട്ടുള്ളതും റോഡ് മെയിന്റനൻസ് ഗ്രാന്റ് ആയി ലഭിക്കുന്ന തുക മൺറോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിയാത്തതുമായ മാർഗ്ഗനിർദ്ദേശം ഗതാഗതമേഖല നേരിടുന്ന വെല്ലുവിളിയാണ്.

ഊർജ്ജമേഖല - ഗാർഹിക വൈദ്യുതി - തെരുവ് വിളക്കുകൾ

വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ജില്ലയാണ് ഇടുക്കി എങ്കിലും പല പഞ്ചായത്തുകളിലും വൈദ്യുതി എത്താത്ത വീടുകൾ നിരവധിയാണ്. എന്നാൽ ജനകീയാസൂത്രണ പദ്ധതിയിലൂടെയും എം.എൽ.എ. വികസന പരിപാടിയിലൂടെയും 10- ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇടുക്കി ജില്ലയിൽ ആദ്യമായി അർഹമായ മുഴുവൻ വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകിയ പഞ്ചായത്ത് എന്ന ചരിതാർത്ഥ്യം നമുക്കുണ്ട്. ആ രംഗത്ത് സമ്പൂർണ്ണത കൈവരിച്ചെങ്കിലും തെരുവ് വിളക്കുകളുടെ കാര്യത്തിൽ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. പ്രധാന വീഥികളിലെല്ലാം വിവിധ പദ്ധതികളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് പ്രകാശപൂരിതമാക്കിയെങ്കിലും സ്ഥാപിച്ച എൽ.ഇ.ഡി. ലൈറ്റുകൾ പെട്ടെന്നു തന്നെം കേടുവന്ന് പ്രവർത്തനക്ഷമമല്ലാതാകുന്നത് പൊതുജനങ്ങളിൽ നിന്നും പഞ്ചായത്ത് കേൾക്കേണ്ടിവരുന്ന പരിഭവങ്ങൾ, പരാതികൾ എന്നിവയ്ക്ക് ഇടനൽകുന്നു. കെ.എസ്.ഇ.ബി. നേരിട്ട് നടപ്പാക്കി നിലവ് പദ്ധതിപോലും കുറ്റമറ്റനിലയിൽ നടപ്പാക്കുവാൻ കഴിയാത്തത് പഞ്ചായത്തുകൾ നേരിടുന്ന പ്രധാന വെല്ലുവിളി തന്നെയാണ്. കെ.എസ്. ഇ.ബി. യുടെ സേവനം തൃപ്തികരമായ വിധം ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. കേടാകുന്ന ലൈറ്റുകൾ യഥാസമയം മാറ്റി സ്ഥാപിച്ച് തെരുവോരങ്ങൾ പ്രകാശ പൂരിതമാക്കുന്നതിന് വൈദ്യുത ബോർഡിന്റെ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ദാരിദ്ര ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

ഇന്നത്തെ അവസ്ഥ-നിലനിൽക്കുന്ന പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഏകദേശ 45% കുടുംബങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. 25 സെന്റിൽ താഴെ ഭൂമിയുള്ളവർ, കോളനിവാസികൾ, പട്ടികജാതി വിഭാഗങ്ങൾ ഇവയെല്ലാം ഇതിൽ ഉൾപ്പെടും. സമൂഹത്തിലെ കേവലദാരിദ്ര്യം തുടച്ചു നീക്കുന്നതിന് കുടുംബശ്രീ ദാരിദ്ര്യ നിർമ്മാജ്ജന മിഷൻ വഴി രൂപം നൽകിയ അയൽക്കൂട്ടങ്ങളിലൂടെ ലഘു സമ്പാദ്യശീലം വളർത്താൻ സ്വയം തൊഴിൽ സംരംഭങ്ങൾ, എന്നിവയ്ക്ക് രൂപം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലൂടെ പ്രതിവർഷം 100 തൊഴിൽദിനങ്ങൾ നൽകി വരുമാനം ലഭ്യമാക്കുവാനും കഴിഞ്ഞതുവഴി ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യത്തിലേക്ക് നടന്നടുക്കുന്നതിന് കഴിഞ്ഞു വരുന്നു. സ്ത്രീകൂട്ടായ്മകളായ ജെ. എൽ.ജി. ഗ്രൂപ്പുകൾ, സ്വയം സഹായസംഘങ്ങൾ എന്നിവയിലൂടെ വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനും ധനകാര്യ സ്ഥാപനങ്ങൾ ഈടില്ലാതെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളും പ്രാവർത്തികമായതോടെ ദാരിദ്ര്യ ലഘൂകരണം ഘട്ടംഘട്ടമായി നടന്നുവരുന്നു. വനിത ഘടക പദ്ധതി വിഹിതം ഉപയോഗിച്ച് മുൻ കാലങ്ങളിൽ നിർമ്മാണം നടത്തിയിട്ടുള്ള വിവിധ തൊഴിൽ ശാലകളും അടഞ്ഞു കിടക്കുന്ന കാഴ്ചയാണുള്ളത്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സ്ത്രീ കൂട്ടായ്മകൾ ഫലപ്രദമായി ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ പ്രജോയനപ്പെടുത്തുന്നില്ല എന്നത് ഈ രംഗം നേരിടുന്ന പ്രതിസന്ധി തന്നെയാണ്.

പാർപ്പിടരംഗം

വാസയോഗ്യമായ വീടില്ലാത്തവർ, വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർ എന്നിങ്ങനെ ഇനിയും നിരവധി കുടുംബങ്ങൾ പഞ്ചായത്തിൽ അധിവസിക്കുന്നു. പഞ്ചായത്തീരാജ് നിലവിൽ വന്ന ശേഷം വിവിധ പദ്ധതികളായ ജെ.ആർ.വൈ. മൈത്രീഭവന പദ്ധതി, ഐ.എ.വൈ, ജവഹർ ഭവന പദ്ധതി ഇ.എം.എസ്.ഭവന പദ്ധതി തുടങ്ങിയ ഭവന പദ്ധതികളിലൂടെ നിരവധി വീടുകൾ പണിതു നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇരട്ട വീടുകളായിരുന്ന എം.എൻ. ലക്ഷംവീടുകൾ ഒറ്റവീടുകളായി പുനർനിർമ്മാണം നടത്തി വാസയോഗ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. എങ്കിലും 4 സെന്റ് കോളനികളിൽ അധിവസിക്കുന്നവരും മറ്റു പ്രദേശവാസികളുമായ നിരവധിപേർ ഇന്നും വാസയോഗ്യമായ ഭവനം ഇല്ലാത്തവരാണ്. 2018-ൽ സർക്കാർ പ്രഖ്യാപിച്ച ലൈഫ് മിഷൻ പാർപ്പിട പദ്ധതിയിലൂടെ ഭൂരഹിതരായവരും, ഭൂരഹിത ഭവന രഹിതരായവരും അപേക്ഷ നൽകി കാത്തിരിക്കുന്നു. പഞ്ചായത്തിൽ ഏകദേശം 350 കുടുംബങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

പട്ടികജാതി വിഭാഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെ പാർപ്പിട രംഗത്ത് നേരിടുന്ന ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

സാമൂഹ്യക്ഷേമം
(വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ)

ഇന്നത്തെ അവസ്ഥ- നിലനിൽക്കുന്ന പ്രശ്നങ്ങൾ

സമൂഹത്തിൽ ഏറ്റവും ദുരിതം അനുഭവിക്കുന്ന വിഭാഗമാണ് വൃദ്ധർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങൾ. ജീവിതത്തിന്റെ നല്ലൊരു ഭാഗം കുടുംബം പോറ്റുന്നതിന് കഷ്ടപ്പെടുകയും വാർദ്ധക്യമായപ്പോൾ സമയത്ത് ആഹാരമോ, ചികിത്സയോ

കിട്ടാതെ ഒറ്റപ്പെടൽ അനുഭവിക്കുന്നവരും കുറവല്ല. ഈ വിഭാഗങ്ങൾക്കായി രൂപം നൽകിയ 'പകൽവീട്' നടപ്പുവർഷം വയോജന സമിതിക്ക് വിട്ട് നൽകി പ്രവർത്തനം ആരംഭിക്കുന്നതാണ്.

ഈ വിഭാഗങ്ങൾക്ക് നൽകി വരുന്ന ക്ഷേമ പെൻഷൻ ആണ് ആകെ ലഭിക്കുന്ന വരുമാനം. നിത്യനിദാന ചെലവുകൾക്കായി കഷ്ടപ്പെടുന്ന ഈ വിഭാഗങ്ങൾക്ക് നൽകി വരുന്ന പെൻഷൻ പ്രതിദിന ജീവിത ചെലവിന് വളരെ ആശ്വാസകരമാണ്. നിലവിൽ നൽകിവരുന്ന ക്ഷേമപെൻഷൻ കുടിശിഖ വരാതെ യഥാസമയം കൊടുത്ത് തീർക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

പട്ടികജാതി/പട്ടിക വർഗ്ഗ ക്ഷേമം

ഇന്നത്തെ അവസ്ഥ-നിലനിൽക്കുന്ന പ്രശ്നങ്ങൾ

പഞ്ചായത്തിൽ ആകെ 275 പട്ടിക ജാതി വിഭാഗം കുടുംബങ്ങളും 12 പട്ടിക വർഗ്ഗ വിഭാഗം കുടുംബങ്ങളും അധിവസിക്കുന്നു. ഇവയിൽ 98% കുടുംബങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. പട്ടികജാതി വിഭാഗം കുടുംബങ്ങളിലും കണ്ടു വരുന്ന അവസ്ഥാ വിശേഷം മദ്യപാനത്തിന് വശംവദരായിട്ടുള്ളവരും, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരും കൂലി വേലക്കാരുമാണ്. എന്നാൽ പുതിയ തലമുറയിൽ വിദ്യാസമ്പന്നരായ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ആശാവഹമായ സ്ഥിതി വിശേഷമാണ്.

പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണം ടോയ്ലെറ്റ് നിർമ്മാണം, പഠനമുറി തുടങ്ങിയ സഹായങ്ങൾ ഇന്നും നൽകി വരുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിനായി പഠന സ്കോളർഷിപ്പ്, പെൺകുട്ടികളുടെ വിവാഹത്തിന് സഹായം തുടങ്ങിയവ പ്രധാന പ്രോഡക്ടുകളിൽ ചിലതാണ്.

തൊഴിലും അതുവഴി വരുമാനവും ലഭിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പും-വ്യവസായ വകുപ്പും ചേർന്ന് മണക്കാട് ഭാഗത്തായി ആരംഭിച്ച അശ്വതി പ്ലാസ്റ്റിക്ക് ഇൻഡസ്ട്രീസ് അംബേദ്കർ മെമ്മോറിയൽ സഹകരണ സംഘം ഇവയെല്ലാം അടച്ചു പൂട്ടപ്പെട്ട നിലയിലാണ്. വേണ്ടത്ര പരിജ്ഞാനക്കുറവും സാമ്പത്തിക പരാധിനതയുമാണ് ഈ സംരംഭങ്ങളുടെ പരാജയത്തിന് കാരണം.

പട്ടികജാതി വിഭാഗങ്ങൾക്ക് കല്യാണം, സെമിനാറുകൾ വിവിധ ആഘോഷങ്ങൾ എന്നിവയ്ക്ക് ഒത്തു ചേരുന്നതിന് പുതുപ്പരിയാരത്ത് 8-ാം വാർഡിൽ നിർമ്മിച്ചിട്ടുള്ള അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ, പുതുപ്പരിയാരം കോളനിയിൽ നിർമ്മിച്ചിട്ടുള്ള ആഗ്രോ സർവ്വീസ് സെന്റർ ഹാൾ എന്നിവ ഈ വിഭാഗങ്ങളുടെ കൂടിചേരലിന് ഉപകരിക്കുന്നു. പട്ടികജാതി വികസന വകുപ്പ് തൊടുപുഴ ബ്ലോക്ക് വിഭാഗത്തിന്റെ നേതൃത്വത്തിൽ ആല്പാറ കോളനിയിൽ പണി തീർത്ത "വിജ്ഞാൻവാടി" എന്ന സർക്കാർ സംവിധാനം അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ അടച്ചുപൂട്ടപ്പെട്ട് കിടക്കുന്നത് ദയനീയ കാഴ്ചയാണ്. ആയത് അഭ്യസ്തവിദ്യരായവർക്ക് പ്രയോജനപ്പെടും വിധം പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. 8-ാം വാർഡിൽ അംബ്ദ്കർ ഹാളിന് മുകളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച അഡീഷണൽ ഹാൾ പട്ടികജാതി വിഭാഗം പ്രവർത്തനങ്ങൾക്ക് ഏറെ ഉപകരിക്കുന്നതാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

ഇന്നത്തെ അവസ്ഥ-നേരിടുന്ന പ്രശ്നങ്ങൾ

പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീ-പുരുഷന്മാർ തമ്മിലുള്ള അന്തരം കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വിദ്യാഭ്യാസപരവും ബൗദ്ധികവുമായും സ്ത്രീ-പുരുഷനോടൊപ്പം ഉയർന്നു വരുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. സമസ്ത മേഖലകളിലും ഉയർന്ന പദവികളിൽ എത്താൻ സ്ത്രീകൾക്കായിട്ടുണ്ട്. എങ്കിലും ചെറിയ വിഭാഗം കുടുംബങ്ങളിലും സ്ത്രീകളും കുട്ടികളും ഇന്നും ദുരിതം അനുഭവിക്കുന്നതായി കാണാം. സ്ത്രീ ശാക്തീകരണത്തിനായി സർക്കാർ കുടുംബശ്രീ സംവിധാനം വഴി നടത്തിയ ശാക്തീകരണ പ്രവർത്തനങ്ങൾ മൂലം നിരവധി സ്ത്രീകളെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എത്തിക്കുവാൻ ഉപകരിച്ചിട്ടുണ്ട്. ഇന്ന് പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭിക്കുന്ന വിധം നിയമനിർമ്മാണങ്ങൾ ഉപകരിച്ചിട്ടുണ്ട്. പഞ്ചായത്തീരാജ് നിയമം വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 50% സീറ്റുകൾ സംവരണം ചെയ്യപ്പെടുകയും ഭരണ സാരഥികളായി സ്ത്രീകൾക്ക് മാറുവാൻ കഴിഞ്ഞിട്ടുള്ളതും വിപ്ലവകരമായ മാറ്റമാണ്.

ആരോഗ്യം

ഇന്നത്തെ അവസ്ഥ നിലനിൽക്കുന്ന പ്രശ്നങ്ങൾ

പഞ്ചായത്തിലെ പ്രധാന ആരോഗ്യ സ്ഥാപനങ്ങളാണ് കുടുംബാരോഗ്യകേന്ദ്രം പുതുപ്പരിയാരം, ആയുർവ്വേദ ഡിസ്പെൻസറി പുതുപ്പരിയാരം, ഹോമിയോ ഡിസ്പെൻസറി നെടിയശാല, അരിക്കുഴ, സിദ്ധ ഡിസ്പെൻസറി അരിക്കുഴ എന്നീ സ്ഥാപനങ്ങൾ. പഞ്ചായത്തീരാജ് നിയമം വഴി കൈമാറിക്കിട്ടിയ ഈ ഘടക സ്ഥാപനങ്ങൾക്ക് എല്ലാം സ്വന്തമായി കെട്ടിട സൗകര്യങ്ങൾ നിലവിലുണ്ട്. ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച 1996 മുതലുള്ള 25 വർഷത്തെ വിസകന പ്രവർത്തനങ്ങളിൽ ഈ സ്ഥാപനങ്ങൾക്കെല്ലാം അടിസ്ഥാന സൗകര്യം ഒരുക്കാൻ കഴിഞ്ഞുവെന്നത് എടുത്തു പറയത്തക്ക നേട്ടമാണ്.

കുടുംബാരോഗ്യകേന്ദ്രം, മണക്കാട്

പുതുപ്പരിയാരത്ത് പ്രവർത്തിച്ചു വരുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവായതുവഴി ഈ സ്ഥാപനത്തിൽ നിന്നും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകാൻ കഴിയും. 1 ഏക്കർ സ്ഥലവും ഹെൽത്ത് സെന്ററിനായി നിർമ്മിച്ച കെട്ടിടവും, ഡോക്ടർ, നഴ്സസ് ക്വാർട്ടേഴ്സുകൾ എന്നിവയും നിർമ്മിച്ചിരുന്നെങ്കിലും നഴ്സസ് ക്വോർട്ടേഴ്സ് കാലപ്പഴക്കം മൂലം താമസയോഗ്യമല്ലാതായി തീരുകയും ചെയ്തു. പി.എച്ച്.സി. യുടെ കീഴിൽ 3 ഉപ കേന്ദ്രങ്ങൾ പുതുപ്പരിയാരം, വഴിത്തല, പെരിയാമ്പ്ര, എന്നിവിടങ്ങളിലായി പ്രവർത്തിച്ചു വരുന്നു.1998-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തോട് അനുബന്ധിച്ച് ലബോറട്ടറി സംവിധാനം ആരംഭിച്ചെങ്കിലും ലാബ് ടെക്നീഷൻ വേതനം നൽകാൻ പര്യാപ്തമായ ഫണ്ടിന്റെ അപര്യാപ്തത മൂലം പിന്നീട് ലാബിന്റെ പ്രവർത്തനം നിലച്ചു പോകുകയുമുണ്ടായി. വീടുകളിൽ കിടപ്പു രോഗികളായി കഴിയുന്നവർക്കായി പ്രവർത്തിച്ചു വരുന്ന പാലിയേറ്റീവ് പരിചരണ വിഭാഗം നല്ല നിലയിലുള്ള സേവനം നൽകി വരുന്നു. പാലിയേറ്റീവ് നഴ്സിനുള്ള വേതനം, മെഡിസിൻ, വാഹന വാടക മുതലായവ പഞ്ചായത്ത് പദ്ധതിയിലൂടെ നൽകി വരുന്നു. 150 നും 200 നും ഇട

യിൽ കിടപ്പു രോഗികളെ വീടുകളിൽ എത്തി പരിചരിക്കുന്ന ഈ സംവിധാനം പൊതുവെ ജനങ്ങളുടെ ഇടയിൽ സ്വാഗതം ചെയ്യപ്പെടുന്നു. പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നഴ്സ്, ആശാ വർക്കേഴ്സ്, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുടെ സേവനം സ്തുത്യർഹമാണ്. ആശാ വർക്കർമാരായി പ്രവർത്തിച്ചു വരുന്ന ജീവനക്കാർക്ക് നൽകി വരുന്ന വേതനം വളരെ കുറവാണ്. PHC യുടെ കീഴിലുള്ള ഉപകേന്ദ്രങ്ങളിൽ പുതുപ്പരിയാരത്ത് പ്രവർത്തിച്ചു വരുന്ന ഉപകേന്ദ്രം ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തപ്പെടുകയും പഞ്ചായത്തിന്റെ NHM ഹെൽത്ത് ഗ്രാന്റും പ്രയോജനപ്പെടുത്തി ജില്ലയിലെ തന്നെ ആധുനിക രീതിയിലുള്ള ആരോഗ്യസ്ഥാപനമാക്കി മാറ്റാൻ കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം.

ആരോഗ്യ കേരളം പുരസ്കാരം

കോവിഡ് കാലത്തും തുടർന്നു നമ്മുടെ ഡിസ്പെൻസറിയിലൂടെ പൊതുജനങ്ങൾക്ക് നൽകി വന്നിരുന്ന സേവനങ്ങളെ പരിഗണിച്ചും പാലിയേറ്റീവ് പരിചരണം, പകർച്ചവ്യാധികൾക്കെതിരെ നടത്തിയ പ്രവർത്തനങ്ങൾ, കോവിഡ് പ്രതിരോധ വാക്സിൻ നൽകൽ തുടങ്ങിയ ആരോഗ്യ രംഗത്ത് നടത്തിയ പ്രവർനങ്ങൾക്കുള്ള അംഗീകാരമായി കേരള സർക്കാർ നൽകുന്ന ആർദ്രകേരളം പുരസ്ക്കാരവും 3 ലക്ഷം രൂപ സഹായധനവും ജില്ലയിലെ മികച്ച രണ്ടാമത്തെ പഞ്ചായത്ത് എന്ന നിലയിൽ മണക്കാട് ഗ്രാമപഞ്ചായത്തിന് നേടിയെടുക്കാൻ കഴിഞ്ഞു എന്നത് പ്രത്യേകം എടുത്തു പറയത്തക്കതാണ്. നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതു വഴി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകാനും കഴിയും.

ആയുർവ്വേദ ഡിസ്പെൻസറി പുതുപ്പരിയാരം

ആരോഗ്യ രംഗത്ത് നിരവധി പേർ ആയുർവ്വേദ ചികിത്സയിലേക്ക് കടന്നു വരുന്ന കാലഘട്ടമാണ്. സ്വന്തമായി സ്ഥലവും കെട്ടിട സൗകര്യങ്ങളുമുള്ള ഈ സ്ഥാപനത്തിൽ നിന്നും നിരവധിയാളുകൾക്ക് ചികിത്സ നൽകിവരുന്നു. കോവിഡ് കാലഘട്ടത്തിൽ പ്രത്യേക ലേഹ്യവും മഴക്കാല രോഗങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യത്തിൽ കൊതുക് നശീകരിണത്തിനും ശുദ്ധമായ വായുവിനും ഉതകുന്ന 'അപരാചിത ചൂർണ്ണം' നിരവധി കുടുംബങ്ങളിൽ എത്തിച്ചു നൽകുവാൻ കഴിഞ്ഞു. പഞ്ചകർമ്മ ചികിത്സാ സംവിധാനം ഒരുക്കിയിട്ടുള്ള ഡിസ്പെൻസറി തലത്തിലുള്ള ജില്ലയിലെ ഏക സ്ഥാപനം നമ്മുടെ ഡിസ്പെൻസറിയാണ്. ആശുപത്രി കെട്ടിടം നവീകരണത്തിന് 5 ലക്ഷം രൂപ അനുവദിച്ചതുപ്രകാരം മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഇവിടെ ഒരുക്കി വരുന്നു.

പഞ്ചകർമ്മ ചികിത്സയ്ക്ക് തെറാപ്പിസ്റ്റിന്റെ തസ്തിക ഇല്ലാത്തതുമൂലം ഈ സ്ഥാപനത്തിൽ നിന്നും സേവനം നൽകാൻ കഴിയുന്നില്ല. ഡോക്ടറുടെ നേതൃത്വത്തിൽ പഞ്ചകർമ്മ ചികിത്സാവിധികൾ ഇവിടെ അത്യാവശ്യക്കാർക്ക് നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ ആയുഷ് പദ്ധതിയിൽ ഈ സ്ഥാപനത്തിൽ പഞ്ചകർമ്മ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളും കൂടാതെ തെറാപ്പിസ്റ്റിന്റെ സേവനവും ലഭ്യമാക്കുവാൻ ശ്രമിച്ചു വരികയാണ്.

കൂടാതെ നാഷണൽ ആയുഷ് മിഷനിൽ നിന്നും ആയുർവ്വേദ ആശുപത്രിയോടനുബന്ധിച്ച് ഫിസിയോതെറാപ്പി യൂണിറ്റ്, യോഗ ട്രെയിനർക്കുള്ള റൂം, ടോയ്ലറ്റ് സംവിധാനം തുടങ്ങിയ ഭൗതിക സൗകര്യങ്ങൾക്കായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ കൂടി പൂർത്തീകരിക്കുന്നതോടെ ഭാരതീയ ചികിത്സാ വകുപ്പിൽ ജില്ലയിൽ തന്നെ ഏറ്റവും മികവാർന്ന ആരോഗ്യസ്ഥാപനമായി പുതുപ്പരിയാരം ആയുർവ്വേദ ഡിസ്പെൻസറി മാറ്റപ്പെടുകയുമാണ്.

ഹോമിയോ ഡിസ്പെൻസറി - നെടിയശാല

ഹോമിയോപ്പതി ചികിത്സയിൽ മെച്ചപ്പെട്ട സേവനം നൽകിവരുന്ന സ്ഥാപനമാണ് മോഡൽ ഹോമിയോ ഡിസ്പെൻസറി നെടിയശാല. മികച്ച സേവനങ്ങളും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ഈ സ്ഥാപനത്തെ "മോഡൽ" എന്ന പദവിയിൽ എത്തിച്ചിട്ടുണ്ട്. ചുങ്കം ഫെറോന പള്ളി സൗജന്യമായി നൽകിയ 10 സെന്റ് സ്ഥലത്ത് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടു കൂടി നിർമ്മിച്ച കെട്ടിടം ഈ സ്ഥാപനത്തിനുണ്ട്.

കാലാകാലങ്ങളിൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ ഫണ്ട് നൽകി ഇവിടെ നിന്നും ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ സേവനം നൽകി വരുന്നു. കേന്ദ്ര പദ്ധതിയായ NHM ന്റെ ഒരു ഹോമിയോ ഡിസ്പെൻസറി ഈ പദ്ധതിയിലെ അരിക്കുഴയിലും പ്രവർത്തിച്ചു വരുന്നു. പരിമിതമാണെങ്കിലും ഈ സ്ഥാപനത്തിനും സ്വന്തമായി കെട്ടിട സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

സിദ്ധ ഡിസ്പെൻസറി അരിക്കുഴ

ആയുർവ്വേദത്തിന്റെ മറ്റൊരു വകഭേദമാണ് സിദ്ധ ചികിത്സ. നിരവധിയാളുകൾ അരിക്കുഴയിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിയിൽ ചികിത്സക്കായി എത്തുന്നു. ചികിത്സാ രംഗത്ത് മികവുറ്റ സേവനം നൽകി വരുന്ന ഈ സ്ഥാപനത്തിനും പരിമിതമാണെങ്കിലും സ്വന്തമായി കെട്ടിട സൗകര്യം നിലവിലുണ്ട്. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഓരോ വർഷവും ആവശ്യമായ ഫണ്ട് ഈ സ്ഥാപനത്തിന് നൽകി വരുന്നു.

കുടിവെള്ളം-ശുചിത്വം (മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെ)

ഇന്നത്തെ അവസ്ഥ-നിലനിൽക്കുന്ന പ്രശ്നങ്ങൾ
കുടിവെള്ളം

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന കുടിവെള്ള സ്ത്രോതസ്സ് വാട്ടർ അതോറിറ്റി നടപ്പാക്കിയിട്ടുള്ള സമ്പൂർണ്ണ കുടിവെള്ള വിതരണ പദ്ധതിയാണ്. വർഷങ്ങൾക്ക് മുമ്പ് രൂപം നൽകിയ പഞ്ചായത്തിലെ ജലവിതരണ സംവിധാനം കാലഹരണപ്പെട്ട് പൈപ്പുകൾ പൊട്ടി ഒഴുകി ജലവിതരണം താറുമാറായ ഘട്ടത്തിൽ 2013-ൽ ബഹു. ജലവിഭവ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന തൊടുപുഴ MLA ശ്രീ. പി.ജെ. ജോസഫ് മുൻകൈ എടുത്ത് 30 കോടി രൂപ വകയിരുത്തി പുറപ്പുഴ-മണക്കാട് പഞ്ചായത്ത് സമ്പൂർണ്ണ ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം നൽകി. തൊടുപുഴയാറിലെ വെള്ളം പച്ചൂർ ഭാഗത്തേക്ക് പമ്പ് ചെയ്ത് അവിടെ ശുചീകരണം നടത്തി പഞ്ചായത്തിലാകെ വിതരണം ചെയ്യുന്ന പദ്ധതി 2018-ൽ കമ്മീഷൻ ചെയ്ത് ഇന്ന് കാണുന്ന നിലയിൽ നടന്നു വരുന്നു. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും ഈ പദ്ധതിയിലൂടെ ജലവിതരണം നടത്തിവരുന്നു. കൂടാതെ പഞ്ചായത്തുകൾ വിവിധ പദ്ധതി കാലയളവിൽ രൂപം നൽകിയ പ്രാദേശിക കുടിവെള്ള പദ്ധതികളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

കേന്ദ്ര പദ്ധതിയായ ജൽജീവൻ പദ്ധതിയിലൂടെ 95% വീടുകളിലും ഗാർഹിക വാട്ടർ കണക്ഷൻ നൽകിയിട്ടുള്ളതും ജലവിതരണം നൽകി വരുന്നതുമാണ്.

ദുരന്തനിവാരണം

ഏത് ദുരന്തത്തേയും നേരിടുന്നതിനും നിലവിലുള്ള പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുമായി

ട്ടാണ് ഓരോ മേഖലയിലും പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത്. ദുരന്തനിവാരണം കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച അടിസ്ഥാന കാര്യങ്ങൾ ഉൾപ്പെടുത്തി ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ള തുമാണ്.

ശുചിത്വമേഖല

പട്ടണ പ്രദേശങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട ശുചിത്വ സാഹചര്യമാണ് പഞ്ചായത്തിലു ള്ളത്. 99% കുടുംബങ്ങളിലും വ്യക്തിഗത ടോയ്‌ലറ്റുകൾ കഴിഞ്ഞ വാർഷിക പദ്ധതികളിലൂടെ നൽകാൻ കഴിഞ്ഞിട്ടുള്ളതും ഈ പഞ്ചായത്ത് സമ്പൂർണ്ണ വെളിയിട വിസർജ്ജനരഹിത പഞ്ചായ ത്തായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. 1997-ൽ ശുചിത്വ മേഖലയിൽ നടത്തിയ മാതൃ കാപരമായ പ്രവർത്തനത്തിന് 5 ലക്ഷം രൂപയും നിർമ്മൽ പുരസ്ക്കാരവും ഈ പഞ്ചായത്തിന് സർക്കാരിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മാലിന്യ സംസ്ക്കരണം

മണക്കാട് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്താക്കി മാറ്റുക എന്ന ലക്ഷ്യമിട്ട് മാലിന്യമുക്ത നവകേരളം എന്ന പേരിൽ ക്യാമ്പയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ണ്ട്. ജൈവ അജൈവ ദ്രവമാലിന്യങ്ങൾ പൂർണ്ണമായും ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതി നുള്ള പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്. ഗാർഹിക ഉറവിട മാലിന്യ സംസ്ക്കരണവും പ്ലാസ്റ്റിക്ക് അജൈവ മാലിന്യങ്ങളുമാണ് ഇന്ന് പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളി. വീടുകളിലുണ്ടാ കുന്ന പ്ലാസ്റ്റിക്-അജൈവ മാലിന്യങ്ങൾ സംഭരിച്ച് പഞ്ചായത്തിലെ ഒരു പ്രധാന കേന്ദ്രത്തിൽ എത്തിച്ച് (MCF) അവിടെ നിന്നും ക്ലീൻ കേരള കമ്പനിക്ക് നൽകി പ്ലാസ്റ്റിക് അജൈവ മാലിന്യ സംസ്ക്കരണം നടത്തുന്നതിന് രൂപം നൽകിയ സംവിധാനമാണ് ഹരിതകർമ്മ സേന. വീടുക ളിലെ പ്ലാസ്റ്റിക്ക്-അജൈവ മാലിന്യ ശേഖരണത്തിനായി സർക്കാർ നിയോഗിച്ച ഈ സംവിധാന ത്തിന് ഒട്ടേറെ വെല്ലുവിളികൾ നേരിടേണ്ടിവരുന്നു. വീടുകളിൽ നിന്നും 50 രൂപയും സ്ഥാപനങ്ങ ളിൽ നിന്ന് 100 രൂപയും പ്രതിമാസം "യൂസർ ഫീ" ആയി നൽകേണ്ടതുണ്ട്. എന്നാൽ പല വീടു കളിൽ നിന്നും ഇവ ലഭിക്കുന്നില്ല എന്നു മാത്രമല്ല മോശമായ പെരുമാറ്റവും ആക്ഷേപങ്ങളും ഈ വിഭാഗം ഏറ്റുവാങ്ങേണ്ടി വരുന്നു.

2022 ജൂലൈ 1 മുതൽ സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വീടുകളിലുണ്ടാകുന്ന പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ നൽകു കയും സർക്കാർ നിശ്ചയിച്ച യൂസർ ഫീ ലഭ്യമാക്കി പ്രവർത്തിച്ചാൽ മാലിന്യ പരിപാലനത്തിൽ മെച്ചപ്പെട്ട പഞ്ചായത്തായി മാറ്റുവാൻ നമുക്ക് കഴിയും.

ബയോബിൻ കമ്പോസ്റ്റ് യൂണിറ്റ്

ഗാർഹിക ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിച്ച് വളമാക്കുന്നതിന് പഞ്ചായത്ത് നടപ്പാക്കി വരുന്ന പ്രോജക്ടാണ് "ബയോബിൻ കംമ്പോസ്റ്റിംഗം യൂണിറ്റ്". പഞ്ചായ ത്തിലെ മുഴുവൻ വീടുകളിലും ഈ പദ്ധതി നടപ്പാക്കിവരുന്നു. മാലിന്യ സംസ്ക്കരണ രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തുവാൻ ഈ പദ്ധതി ഉപകരിക്കും.

വിദ്യാഭ്യാസം-സംസ്ക്കാരം-കലാ-കായിക വികസനം-യുവജനക്ഷേമം

ഇന്നത്തെ അവസ്ഥ- നിലനിൽക്കുന്ന പ്രശ്നങ്ങൾ

വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നു. 2 ഹയർ സെക്കന്ററി 3 ഹൈസ്ക്കൂൾ 6 എൽ.പി. സ്കൂൾ, 1 യു.പി. സ്കൂൾ എന്നിങ്ങനെ സർക്കാർ സ്വകാര്യ എയ്ഡഡ് മേഖലകളിലായി പ്രവർത്തിച്ചു വരുന്നു. എല്ലാ സ്ഥാപനങ്ങളും പൊതുവെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. എൽ.പി. സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വാർഷിക പദ്ധതി വിഹിതം, എസ്.എസ്.കെ. തുടങ്ങിയ ഫണ്ടുകൾ ലഭ്യമാക്കുന്നു. എന്നാൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലും കായിക അദ്ധ്യാപക രുടെ തസ്തിക ഇല്ല എന്നത് വളരെ ഖേദകരമായ വസ്തുതയാണ്. അരിക്കുഴയിൽ പ്രവർത്തി ച്ചിരുന്ന യു.പി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തുകയും കേന്ദ്ര പദ്ധതിയായ RMSA പദ്ധതി യിലും ബഹു. എം.എൽ.എ. പി.ജെ. ജോസഫിന്റെ പദ്ധതി വിഹിതം, എം.പി. ഫണ്ട് എന്നി ങ്ങനെ വിവിധ സ്രോതസ്സുകളിലൂടെ ലഭിച്ച തുക ഉപയോഗിച്ചാണ് ഇന്ന് കാണുന്ന നവീകരിച്ച ഹൈസ്കൂൾ കെട്ടിടം പണിത് ഉയർത്തിയത്. കായിക രംഗത്ത് കുട്ടികൾക്ക് പരിശീലനം നൽകു ന്നതിന് ഒരു ഗ്രാമീണ കളിക്കളം എന്ന ആശയത്തിന് വർഷങ്ങളുടെ പഴക്കം ഉണ്ടെങ്കിലും ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. അരിക്കുഴ പച്ചൂരുള്ള MVIP വക സ്ഥലം പ്രാദേശിക വാസികൾ ചേർന്ന് കായിക വിനോദത്തിനുള്ള ഗ്രൗണ്ടാക്കി മാറ്റി താൽക്കാലികമായി ഉപയോഗിച്ചു വരു ന്നു. ഈ സ്ഥലം ഗ്രാമീണ കളിക്കളത്തിനായി വിട്ടു കിട്ടുന്നതിനുള്ള പ്രപ്പോസലുകൾ സർക്കാ രിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

സംസ്ക്കാരം-കല-കായികം

കലാ സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ ഈ പഞ്ചായ ത്തിൽ നിലനിന്നിരുന്നു. എന്നാൽ കോവിഡ് വ്യാപനത്തോടെ പലതും നിലച്ചുപോയ സ്ഥിതി യാണുള്ളത്. ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്ത 8 ലൈബ്രറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അവയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ലൈബ്ര റികളാണ് ഉദയ YMA അരിക്കുഴ, ജവഹർ മെമ്മോറിയൽ ലൈബ്രറി ചിറ്റൂർ, വഴിത്തല പബ്ലിക്ക് ലൈബ്രറി, ഇരുട്ടുതോട് സന്തോഷ് ക്ലബ് എന്നിവ. യുവജനക്ഷേമം ലക്ഷ്യമിട്ട് ആരംഭിച്ച കേര ളോത്സവം പരിപാടികളെല്ലാം മത്സര വിജയികൾക്ക് വേണ്ടത്ര പ്രോത്സാഹനവും അംഗീകാ രവും നൽകാതെ കേവലം സർട്ടിഫിക്കറ്റുകൾ മാത്രം നൽകി ആദരിക്കുന്ന രീതി അവലംബിച്ച തിനാൽ ഇത്തരം മേളകളിൽ യുവതീ-യുവാക്കളുടെ പങ്കാളിത്തം ഏറെ കുറഞ്ഞു വന്ന സാഹ ചര്യമാണുള്ളത്. കായിക രംഗത്ത് വിദ്യാർത്ഥികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കായിക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കലാരംഗത്ത് കഴിവുള്ളവർക്കും പ്രത്യേക പരിശീലനവും പ്രോത്സാഹനവും നൽകിയാൽ നിരവധി പ്രതിഭകളെ വാർത്തെടു ക്കാൻ കഴിയുന്ന പഞ്ചായത്താണ് മണക്കാട്.

MVIP ഇടതുകര മെയിൻ കനാൽ വക സ്ഥലങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ കായിക പരിശീലനത്തിനുള്ള നീന്തൽക്കുളങ്ങൾ, ഗ്രൗണ്ട് എന്നിവയ്ക്കായി ഉപയോഗിക്കാൻ പര്യാപ്തമായവയാണ്. സ്പോട്സ് വകുപ്പ് സംഘടിപ്പിക്കുന്ന 'Sport's Summit' എന്ന പദ്ധതി യിൽ അരിക്കുഴയിൽ പച്ചൂർ ഭാഗത്തായി സ്പോട്സ് കോംപ്ലക്സും പുതുപ്പരിയാരം ഭാഗത്ത് നീന്തൽപരിശീലനകുളവും നിർമ്മിക്കുവാൻ 4 കോടി രൂപയുടെ പ്രോജക്ട് സർക്കാരിൽ സമർപ്പി ച്ചിട്ടുണ്ട്.

സംയോജന സാദ്ധ്യതകളും സമഗ്ര പരിപാടികളും

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ പൂർണ്ണായും നടപ്പാക്കാൻ കഴിയും വിധം ഫണ്ടിന്റെ ലഭ്യത വേണ്ടത്ര കിട്ടാറില്ല. ഈ സാഹചര്യത്തിൽ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെയും വിവിധ ഡിപ്പാർട്ടുമെന്റ് ഫണ്ടുകളുമായി സംയോജിപ്പിച്ചും പ്രോജക്ടുകൾ സംയുക്തമാക്കേണ്ടിയിരിക്കുന്നു. മണക്കാട് ഗ്രാമപഞ്ചായത്തിന് ലഭ്യമായതും മണ്ണത്താഞ്ചേരി ഭാഗത്തായി സ്ഥിതി ചെയ്യുന്നതുമായ 25 സെന്റ് സ്ഥലം വർഷങ്ങളായി കോടതി കേസിൽപ്പെട്ട് കിടന്നിരുന്നു. സംസ്ഥാന പാതയോട് ചേർന്നുള്ള പ്രസ്തുത സ്ഥലം ബഹു.കേരള ഹൈകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം പഞ്ചായത്തിന് വിട്ടു കിട്ടുകയും കോടതി കേസ് തീർപ്പാക്കിയിട്ടുള്ളതുമാണ്. ടി സ്ഥലം സർവ്വെ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ അതിരുകൾ തിരിച്ചെടുത്ത് പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്ത് കൈവശപ്പെടുത്തുന്നതിനും പ്രസ്തുത സ്ഥലത്തിന് ഉടമസ്ഥതാ ബോർഡ് സ്ഥാപിച്ച് ഏറ്റെടുക്കുന്നതിനും കഴിഞ്ഞതുവഴി വർഷങ്ങൾ നീണ്ട നിയമയുദ്ധത്തിൽ പഞ്ചായത്തിന് നീതി ലഭിച്ചതിലും നമുക്ക് ഏറെ അഭിമാനിക്കാം.

കന്നുകുട്ടി പരിപാലന പദ്ധതിയിൽ പലപ്പോഴും സംസ്ഥാന ആവിഷ്കൃത വിഹിതം ലഭിക്കാതെ പോകുകയും, അതുപോലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, അംഗനവാടികളിൽ അനുപൂരക പോഷകാഹാര വിതരണം എന്നിവയ്ക്ക് വേണ്ടത്ര തുക വകയിരുത്താൻ ത്രിതല സംവിധാനം ശ്രമിക്കാത്തതു മൂലവും സംയുക്ത-സംയോജിത പ്രോജക്ടുകൾ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും നൽകാൻ കഴിയാതെ പരാജയപ്പെടുന്ന സ്ഥിതി വിശേഷമാണ് കണ്ടുവരുന്നത്.

അദ്ധ്യായം - 5

വിഭവ സമാഹരണം

ക്രമ നമ്പർ	വിഭാഗം	വകയിരുത്തിയ തുക
1	വികസനഫണ്ട് സാധാരണ വിഹിതം	21326400/-
2	15-ാം ധനകാര്യ കമ്മീഷൻ വിഹിതം (അടിസ്ഥാന ഗ്രാന്റ്)	265000/-
3.	15-ാം ധനകാര്യ കമ്മീഷൻ വിഹിതം റ്റൈഡ്	2030036/-
4.	പ്രളയ ദുരിതാശ്വാസം പൊതുവിഭാഗം	0
	ആകെ പൊതുവിഭാഗം	**23621436/-**
5.	പ്രത്യേക ഘടക പദ്ധതി വിഹിതം	3205000/-
6.	പ്രളയ ദുരിതാശ്വാസം (പ്രത്യേക ഘടക പദ്ധതി)	0
7.	പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം	0
8.	പ്രളയ ദുരിതാശ്വാസം (പട്ടിക വർഗ്ഗ ഉപപദ്ധതി)	0
	വികസനഫണ്ട് ആകെ	**26826436/-**
9.	മെയിന്റനൻസ് ഗ്രാന്റ് റോഡിതരം	6859883/-
10.	മെയിന്റനൻസ് ഗ്രാന്റ് റോഡ്	18498617/-
	മെയിന്റനൻസ് ഗ്രാന്റ് ആകെ	25358500/
11.	സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം	4200000/-
12	കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം	4705805/-
13.	വായ്പ	0
14	ഗുണഭോക്തൃവിഹിതം	1193111/-
15	ജില്ലാ പഞ്ചായത്ത് വിഹിതം	3590000/-
16.	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	2995000/-
17.	തനത്	1504198/-
	ആകെ	**77949050/-**

അദ്ധ്യായം 6

പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

അദ്ധ്യായം 7
പ്രത്യേക പദ്ധതി / പരിപാടികൾ

പട്ടികജാതി ഉപപദ്ധതി

മണക്കാട് ഗ്രാമപഞ്ചായത്തിന് 2026-27 സാമ്പത്തിക വർഷം പട്ടികജാതി ഉപപദ്ധതികൾക്കായി 3106000 രൂപ പദ്ധതി വിഹിതമായി ലഭ്യമായിട്ടുണ്ട്. ഈ വിഹിതത്തിൽ നിന്നും ലൈഫ്-ഭവന നിർമ്മാണ പദ്ധതികൾക്കടക്കം തുക വകയിരുത്തിയിട്ടുണ്ട്. 2026-27 വർഷം ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് ലഘുവിവരണം ചുവടെ ചേർക്കുന്നു.

1.	ലൈഫ് മിഷൻ ഭവന പദ്ധതി എസ്.സി.പി	200000.00
2.	പട്ടികജാതി വിഭാഗം വിവാഹ സഹായം	500000.00
3.	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ്	470000.00
4.	ഈസി കിച്ചൺ എസ്.സി.	1050000.00
5.	എസ്.സി. വീട് പുനരുദ്ധാരണം	1190000.00
6.	അംബേദ്കർ പട്ടികജാതി ഹാൾ ഭിന്നശേഷി സൗഹൃദമാക്കൽ	250000.00

വനിത ഘടക പദ്ധതി

2026-27 വാർഷിക പദ്ധതിയിൽ വനിത ഘടക പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട്. വനിതകൾക്ക് വരുമാനദായകമായ പദ്ധതി ഏറ്റെടുത്ത് വനിതകളുടെ സമൂഹിക സാമ്പത്തിക പദ്ധതി ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ഇനത്തിൽ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.

1.	വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം	375000.00
2.	വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം വ്യക്തിഗതം	180000.00
3.	കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് വേതനം	231000.00
4.	സ്ത്രീ ശാക്തീകരണവും ജാഗ്രതാസമിതി ശക്തിപ്പെടുത്തലും	25000.00
5.	നെടിയശാലയിൽ വനിതകൾക്ക് ഓപ്പൺ ജിം	900000.00
6.	വനിതകൾക്ക് ഫിറ്റനസ് സെന്റർ ജിം ഉപകരണങ്ങൾ വാങ്ങൽ	250000.00

കുട്ടികൾ, ഭിന്നശേഷി ഉള്ളവർ

കുട്ടികൾ ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമത്തിനുവേണ്ടി 2026-27 വാർഷിക പദ്ധതിയിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

1	ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കലോത്സവം	75,000.00
2.	ബാലസഭ പ്രവർത്തനം	14,000.00
3.	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്	14,00,000.00
4.	അംഗൻവാടി കുട്ടികളുടെ കലാ-കായിക മത്സരം	30,000.00
5.	കുട്ടികൾക്ക് നീന്തൽ കായിക പരിശീലനം	2,00,000.00
6.	അംഗനവാടി പോഷകാഹാരം	1600000.00

വൃദ്ധർ പാലിയേറ്റീവ് കെയർ

നിശ്ചിതഫണ്ട് വകയിരുത്തി വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭിക്കുന്നതിനും കൂടാതെ മുതിർന്ന പൗരൻമാരുടെ മാനസിക ഉൻമേഷവും വരുമാന വർദ്ധനവും ഉദ്ദേശിച്ച പ്രത്യേക പദ്ധതി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.	പാലിയേറ്റീവ് കെയർ	1265000.00

സദ്ഭരണം

1.	ഐ.കെ.എം. വിഹിതം നൽകൽ	58975.00
2.	പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ്	300000.00
3.	എസ്.എസ്.എ. വിഹിതം	1,00,000.00
4.	പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ	120,000.00

അടിസ്ഥാന സേവനങ്ങൾക്കുള്ള പദ്ധതി

അടിസ്ഥാന സേവനസൗകര്യം ഏർപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.	പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ	1,50,000.00
2.	തെരുവ് വിളക്ക് മെയിന്റനൻസ്	2,00,000.00
3.	വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	200,000.00
4.	വിവിധ വാർഡുകളിലെ റോഡുകളുടെ പുനരുദ്ധാരണം	18498617.00

അദ്ധ്യായം 8
വായ്പാബന്ധങ്ങൾ

പഞ്ചായത്ത് നടപ്പാക്കി വരുന്ന വായ്പബന്ധിത പ്രോജക്ടുകളിൽ മുഖ്യമായ ഒന്നാണ് ലൈഫ്മിഷൻ പാർപ്പിട പദ്ധതി. ത്രിതലപഞ്ചായത്തുകൾ, സംസ്ഥാന-കേന്ദ്രസർക്കാർ എന്നീ സംവിധാനങ്ങൾ കൂട്ടായി നടപ്പാക്കുന്ന ലൈഫ്മിഷൻ പാർപ്പിട പദ്ധതി പ്രകാരം വീട് ഒന്നിന് നൽകുന്ന 4 ലക്ഷം രൂപ പ്രകാരം ലൈഫ് വനപദ്ധതിയിലെയും ലൈഫ്പുനരധിവാസ പദ്ധതിയിലേയും ധനസഹായം സംസ്ഥാന സർക്കാർ വായ്പയായി പഞ്ചായത്തുകൾക്ക് ലഭ്യമാക്കുകയും ആയത് ഓരോ വാർഷികപദ്ധതിയിലും നിശ്ചിത തുകയും പലിശയും തിരിച്ചടച്ചു കൊ□ ുള്ള ലൈഫ് വനപദ്ധതി വായ്പ തുക പഞ്ചായത്തുകൾക്ക് ലഭിക്കാതെ മുടങ്ങി കിടക്കുന്ന അവസ്ഥയാണുള്ളത്. കൂടാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് നിലവ് പദ്ധതിയുടെ പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ഉ□ ാക്കിയ ധാരണാപത്രം അനുസരിച്ചുള്ള വായ്പയും ഗഡുക്കളായി തിരിച്ചടയ്ക്കേ ി□ ു□ ്. പഞ്ചായത്തിലെ കുടുംബശ്രീ സംവിധാനങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങൾ സംരംഭങ്ങൾ തുടങ്ങുന്നതിനും വരുമാനദായകമായ പരിപാടികൾക്കുമായി വായ്പാ പദ്ധതികളും നടപ്പാക്കി വരുന്നു. ഇവയുടെ തിരിച്ചടവ് ഏറെക്കുറെ നല്ലനിലയിൽ നടന്നു വരുന്നു. മുൻവർഷങ്ങളിലേതു പോലെ നടപ്പു വർഷവും വായ്പാബന്ധിത പ്രോജക്ടുകൾ നടപ്പാക്കി വരുന്നു.

അദ്ധ്യായം 9
സമഗ്രപരിപാടികളും സംയോജനസാദ്ധ്യതകളും

പഞ്ചായത്ത് ജനകീയാസൂത്രണ പരിപാടിയിൽ രൂപം നൽകി നടപ്പാക്കി വരുന്ന പ്രോജക്ടുകൾ പലതും വിവിധ വിഭവ സ്രോതസ്സുകളുമായി സംയോജിപ്പിച്ചാണ് നടപ്പാക്കി വരുന്നത്. ഉല്പാദന മേഖലയിലെ കാലിത്തീറ്റ വിതരണം, ക്ഷീരകർഷകരുടെ പാലിന് സബ്സിഡി എന്നിവയും സേവന മേഖലയിലെ ഭിന്നശേഷി സ്കോളർഷിപ്പ്, അംഗൻവാടി കുട്ടികൾക്ക് അനുപൂരകപോഷകാഹാര പരിപാടി, പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ എന്നീ ത്രിതലപഞ്ചായത്തുകളുടെ ഫ□ ് ഉപയോഗിച്ചുള്ള സംയോജിത പ്രോജക്ടുകളായി നടപ്പാക്കി വരുന്നു. മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ഗ്രാമപഞ്ചായത്തും, സംസ്ഥാനശുചിത്വ മിഷന്റെ സഹായവും കൂട്ടിച്ചേർത്ത് സംയോജിപ്പിച്ചാണ് ബയോകംപോസ്റ്റ് ബിന്നുകളുടെ വിതരണം, ടേക് എ ബ്രേക്ക് വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം, ഓട ശുചീകരണം, സോക്പിറ്റുകളുടെ നിർമ്മാണം, കംമ്പോസ്റ്റ് ബിന്നുകളുടെ നിർമ്മാണം, സോക്പിറ്റുകളുടെ നിർമ്മാണം എന്നീ സമഗ്രപരിപാടികൾ നടപ്പാക്കി വരുന്നത്. കൂടാതെ കേന്ദ്ര സർക്കാറിന്റെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചും മിനി എം.സി.എഫ്, ശുചിത്വമേഖലയിലെ വിവിധ പരിപാടികൾ എന്നിവയും നടപ്പാക്കി വരുന്നു□ ്.

മാത്രമല്ല ആരോഗ്യമേഖലയിൽ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനമായ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള സബ്സെന്ററുകളെ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളായി ഉയർത്തിയും ആയതിനാവശ്യമായ ഭൗതികസൗകര്യം മെച്ചപ്പെടുത്തുവാൻ കേന്ദ്രധനകാര്യകമ്മീഷന്റെ CFC ഗ്രാന്റും NHM ഹെൽത്ത് ഗ്രാന്റും ലഭ്യമാക്കി വരുന്നതും ആയുർവേദ ഡിസ്പെൻസറിയിൽ യോഗ

ഹാൾ നിർമ്മാണം, ടി സ്ഥാപനത്തെ ഹെൽത്ത് & വെൽനസ് സെന്ററാക്കി ഉയർത്തൽ എന്നിവയ്ക്കും കേന്ദ്രസർക്കാർ NHM വിഹിതവും ഇടുക്കി എം.പി യുടെ പ്രാദേശിക വികസനഫണ്ടും ലഭ്യമാക്കി ആരോഗ്യമേഖലയിൽ നടപ്പാക്കി വരുന്ന സമഗ്രപരിപാടികളും വിവിധ വകുപ്പുകളെ സംയോജിപ്പിച്ചാണ് നടത്തി വരുന്നത്.

ഗ്രാമപഞ്ചായത്തും ജില്ല പഞ്ചായത്തും ചേർത്ത് നടപ്പാക്കുന്നതിന് ആലോചന തുടങ്ങിയിട്ട് വർഷങ്ങളായിട്ടും നടപ്പാക്കുവാൻ പറ്റാത്ത മൃഗപരിപാലന മേഖലയിലെ പ്രോജക്ടായ ABC പ്രോഗ്രാം തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് മൃഗസംരക്ഷണവകുപ്പ് രൂപം നൽകിയ ഈ പദ്ധതി പുരോഗമനം ഇല്ലാതെ നിർവ്വഹണം തടസ്സപ്പെട്ട അവസ്ഥയിലാണ്.

ടൂറിസം മേഖലയിലും പഞ്ചായത്ത് സംയോജിത പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുണ്ട്. മുണ്ടൻമല-പുലിക്കുന്ന് ടൂറിസം പദ്ധതി ഗ്രാമപഞ്ചായത്ത്- ബ്ലോക്ക് പഞ്ചായത്ത് എന്നിവയുമായും ടൂറിസം പ്രമോഷൻ കൗൺസിലുമായും ലിങ്ക് ചെയ്ത് നടപ്പാക്കുവാൻ ലക്ഷ്യമിടുന്ന പ്രോജക്ടാണ്.

അദ്ധ്യായം 10

മോണിട്ടറിംഗ്

പഞ്ചായത്തിന്റെ പ്രോജക്ടുകളുടെ ആസൂത്രണം പോലെ തന്നെ സുപ്രധാനമായ ഒന്നാണ് മോണിട്ടറിംഗ്. പ്രോജക്ടുകളുടെ രൂപീകരണ ഘട്ടത്തിലെ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിന് ശരിയായ നിർവ്വഹണം നടക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. സുതാര്യമായ നിർവ്വഹണത്തിന് മോണിട്ടറിംഗിന് വളരെ പ്രാധാന്യമുണ്ട്.

പ്രോജക്ടുകൾക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായാൽ നിർവ്വഹണ ഘട്ടത്തിലേക്ക് കടക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കുന്ന സംവിധാനം മോണിട്ടറിംഗ് സമിതികളായി മാറ്റപ്പെടുകയും സുതാര്യമായ നിർവ്വഹണത്തിന് സഹായകരമായി പ്രവർത്തിക്കേണ്ടതുമാണ്.

ഓരോ വിഷയ മേഖലയിലേയും മോണിട്ടറിംഗ് സമിതികൾ പദ്ധതി പ്രവർത്തനങ്ങൾ ശരിയായ വണ്ണം വിലയിരുത്തി യഥാസമയങ്ങളിൽ പഞ്ചായത്തിന് റിപ്പോർട്ട് ചെയ്തുകൊണ്ട് പ്രോജക്ടുകളുടെ നിർവ്വഹണ ലക്ഷ്യം കൈവരിക്കാൻ സഹകരിക്കേണ്ടതാണ്.

ഉപസംഹാരം

ബഹുമാന്യരേ!



മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2025-26 വാർഷിക പദ്ധതി പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലേക്ക് എത്തുകയാണ്. കഴിഞ്ഞ 5 വാർഷിക പദ്ധതികളിലായി ഉല്പാദന, സേവന പശ്ചാത്തല മേഖലകളിലായി നിരവധി പ്രോജക്ടുകൾ നടപ്പാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ കുടുംബാരോഗ്യ കേന്ദ്രം, ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി, സിദ്ധ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ മികച്ച ചികിത്സാ സഹായങ്ങൾ നടപ്പാക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് ഏറെ പ്രാധാന്യം നൽകികൊണ്ട് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ വഴി അയൽക്കൂട്ടതലങ്ങളിലും, സ്ഥാപനങ്ങൾ, വിദ്യാഭ്യാസ മേഖല, പൊതുഇടങ്ങൾ, വഴിയോര കേന്ദ്രങ്ങൾ എന്നിവിടങ്ങളെയെല്ലാം മാലിന്യ മുക്തമാക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചു വരികയാണ്.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഹരിത കർമ്മസേന അംഗങ്ങൾ നടത്തി വരുന്ന പ്രവർത്തനങ്ങൾ പ്രത്യേകം സ്മരിക്കേണ്ടതാണ്. വിവിധ മാലിന്യനിർമ്മാർജ്ജന പ്രവർത്തന ങ്ങളിലൂടെ നമ്മുടെ പഞ്ചായത്തിനെ മാലിന്യമുക്തഗ്രാമം എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിന് നമുക്ക് കൂട്ടായി പരിശ്രമിക്കാം. കഴിഞ്ഞ ഭരണസമിതിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 5 വാർഷിക പദ്ധതിയിലൂടെ വികസനഫണ്ട്, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതി സഹായം, പട്ടികജാതി വികസനം, എം.എൽ.എ, എം.പി ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രോജക്ടുകൾ ഇവയെല്ലാം നമ്മുടെ പഞ്ചായത്തിനെ വികസനരംഗത്ത് പുരോഗതിയിലേക്ക് നയിക്കാൻ ഏറെ ഉപകരിച്ചിട്ടുണ്ട്. നാം നേരിടുന്ന പാർപ്പിട രംഗത്തെ പ്രശ്നങ്ങൾക്ക് ലൈഫ്മിഷൻ പദ്ധതി, പിഎംഎവൈ പദ്ധതി എന്നിവയിലൂടെ വാസയോഗ്യമായ വീടുകൾ നിർമ്മിക്കുന്നതിന് സഹായം നൽകി വരുന്നു. അതിദരിദ്രരെ കണ്ടെത്തി അവർക്കായി പ്രത്യേക പ്രോജക്ടുകൾക്ക് രൂപം നൽകാൻ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ആ വിഭാഗങ്ങൾക്ക് ഏറെ ആശ്വാസകരമാണ്.

പതിനാലാംപഞ്ചവത്സര പദ്ധതിയുടെ 5-ാം വർഷത്തിലേക്ക് കടക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭായോഗങ്ങളിൽ നിന്നും ഉണ്ടായ പ്രോജക്ട് നിർദ്ദേശങ്ങൾ പരിഗണിച്ച് തയ്യാറാക്കിയ സമഗ്രവികസന പരിപാടികൾ 2026-2027 വാർഷിക പദ്ധതിയിലൂടെ നടപ്പാക്കുന്നതിലേക്കായി രൂപം നൽകിയ അന്തിമ പദ്ധതിരേഖ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

മണക്കാട് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് കക്ഷി രാഷ്ട്രീയത്തി നതീതമായി പ്രവർത്തിച്ചു വരുന്ന ഭരണ സമിതിയുടേയും ജീവനക്കാരുടേയും വിവിധ ഘടകസ്ഥാപനങ്ങളിലെ ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വർക്കിംങ് ഗ്രൂപ്പ് അംഗങ്ങൾ അടക്കമുള്ള സമസ്ത വിഭാഗങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിലൂടെ നമ്മുടെ പഞ്ചായത്തിനെ വികസന രംഗത്ത് ഏറെ മുന്നേറാൻ ഇനിയും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

എന്ന് സസ്നേഹം

ബിന്ദു ബി. നായർ
സെക്രട്ടറി
മണക്കാട് ഗ്രാമപഞ്ചായത്ത്